POSTAL REG NO GDP-44/2017-2019

بِسْمِ اللّٰہِ الرَّحْمٰنِ الرَّحِیْمِ نَحْمَدُہٗ وَنُصَلِّیْ عَلٰی رَسُوْلِہِ الْکَرِیْمِ وَعَلٰی عَبْدِہِ الْمَسِیْحِ الْمَوْعُوْدِ

وَلَقَدْ نَصَرَکُمُ اللّٰہُ بِبَدْرٍ وَّاَنْتُمْ اَذِلَّۃٌ

വാല്യം 2

# ബദർ

വീക്കിലി ഖാദിയാൻ

The weekly
BADAR Qadian
Malayalam

ലക്കം 23

വാർഷിക വരിസംഖ്യ 300 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2017 ജൂൺ 8/ഹി:ശം:1396 ഇഹ്സാൻ 8/ഹി:ഖ: 1438 റമളാൻ 12

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് ഖലീഫത്തുൽമസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. അമീറുൽ മുഅ്മിനീൻ 05-05-2017ന് റോൺഹെയിം ഫ്രങ്ക്ഫോർട്ടിൽ (ജർമനി) ജുമുഅ ഖുത്വ്ബ നിർവഹിച്ചു. അതിന്റെ പൂർണരൂപം ഈ ലക്കം 3-ാം പേജിൽ വായിക്കുക. സ്നേഹിതന്മാർ ഹുദൂർ അൻവറിന്റെ ആരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ദീർഘായുസ്സിനും ഉന്നതലക്ഷ്യങ്ങളിൽ വിജയം വരിക്കുന്നതിനും പ്രത്യേകമായ കാവലുണ്ടാകുന്നതിനും ദുആ ചെയ്തുകൊണ്ടേ ഇരിക്കുക. അല്ലാഹു എപ്പോഴും ഹുദൂർ അൻവറിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. സഹായവും തുണയും നല്കുമാറാകട്ടെ. ആമീൻ. അല്ലാഹുമ്മ അയ്യിദ് ഇമാമനാ ബി റൂഹിൽ ഖുദുസ് വ ബാരിക്ലനാ ഫീ ഉംരിഹീ വ അംരി ഹീ.

## സത്യമായ സന്തോഷത്തിന്റെ ഉത്ഭവസ്ഥാനം ദൈവമാകുന്നു

**നിങ്ങൾ അവനോട് സഹായം ചോദിക്കാതിരിക്കുകയും അവനോടു ശക്തി ചോദിക്കുന്നത് നിങ്ങളുടെ ശീലമാക്കാതിരിക്കുകയുമാണെങ്കിൽ നിങ്ങൾക്കൊരു വിജയവും ലഭിക്കുകയില്ല. അവസാനം വലിയ നിരാശയോടെ മരിക്കുകയും ചെയ്യും. നിങ്ങളുടെ ദൈവം എല്ലാ പ്രയത്നങ്ങളുടെയും മേന്തായമാണെന്ന് കണ്ടറിയാൻ ദൈവം നിങ്ങളുടെ കണ്ണുകൾ തുറക്കുമാറാകട്ടെ. മോന്തായം വീണാൽ കഴുക്കോലുകൾ അതിന്റെ സ്ഥാനത്ത് നിൽക്കുമോ? ഇല്ല. അത് ക്ഷണത്തിൽ നിലംപൊത്തുന്നതാണ്. പലരും മരിക്കാനും ഇടയുണ്ട്.**

“ഓരോ പ്രവർത്തനവേളയിലും ഓരോ വിഷമസന്ധിയിലും നിങ്ങൾ എന്തെങ്കിലും പ്രയത്നിക്കുന്നതിനുമുമ്പേ വാതിൽ അടയ്ക്കുകയും അല്ലാഹുവിന്റെ തിരുസന്നിധിയിൽ വീഴുകയും ‘ഞങ്ങൾക്ക് ഈ പ്രയാസം നേരിട്ടിരിക്കുന്നു, നിന്റെ അനുഗ്രഹം കൊണ്ട് അത് അകറ്റിത്തരേണമേ’ എന്ന് പ്രാർഥിക്കുകയും ചെയ്യുന്നവരെപോലെയാകുമ്പോൾ മാത്രമേ നിങ്ങൾ സത്യവാന്മാരാകുകയുള്ളൂ. അപ്പോൾ പരിശുദ്ധാത്മാവ് നിങ്ങളെ സഹായിക്കുകയും അദൃശ്യത്തിൽനിന്ന് എന്തെങ്കിലും വഴി നിങ്ങൾക്ക് തുറക്കുകയും ചെയ്യുന്നതായിരിക്കും. നിങ്ങളുടെ ജീവനോട് കരുണ കാണിക്കുക. അല്ലാഹുവുമായിട്ടുള്ള ബന്ധം തികച്ചും വിച്ഛേദിക്കുകയും പൂർണമായും ഭൗതികവഴിയിൽ വീഴുകയും ശക്തി ചോദിച്ചുവാങ്ങുന്നതിനായി വായകൊണ്ട് ഇൻശാഅല്ലാഹ് എന്നുപോലും പറയാതിരിക്കുകയും ചെയ്യുന്നവരുടെ അനുയായികൾ ആകാതിരിക്കുക. നിങ്ങളുടെ ദൈവം എല്ലാ പ്രയത്നങ്ങളുടെയും മേന്തായമാണെന്ന് കണ്ടറിയാൻ ദൈവം നിങ്ങളുടെ കണ്ണുകൾ തുറക്കുമാറാകട്ടെ. മോന്തായം വീണാൽ കഴുക്കോലുകൾ അതിന്റെ സ്ഥാനത്ത് നിൽക്കുമോ? ഇല്ല. അത് ക്ഷണത്തിൽ നിലംപൊത്തുന്നതാണ്. പലരും മരിക്കാനും ഇടയുണ്ട്. ഇപ്രകാരം നിങ്ങളുടെ പ്രയത്നം ദൈവസഹായം കൂടാതെ നിലനിൽക്കുന്നതല്ല. നിങ്ങൾ അവനോട് സഹായം ചോദിക്കാതിരിക്കുകയും അവനോടു ശക്തി ചോദിക്കുന്നത് നിങ്ങളുടെ ശീലമാക്കാതിരിക്കുകയുമാണെങ്കിൽ നിങ്ങൾക്കൊരു വിജയവും ലഭിക്കുകയില്ല. അവസാനം വലിയ നിരാശയോടെ മരിക്കുകയും ചെയ്യും.

ഇതര സമുദായങ്ങൾ പിന്നെങ്ങനെ വിജയിച്ചുകൊണ്ടിരിക്കുന്നുവെന്നും തികവുറ്റവനും സർവ്വശക്തനുമായ ദൈവത്തെ അവരാണെങ്കിൽ അറിയുകപോലുമില്ലല്ലോ എന്നും മറ്റും നിങ്ങൾ ചിന്തിക്കരുത്. അവർ ദൈവത്തെ കൈവിട്ടുകളഞ്ഞ കാരണത്താൽ ലൗകികമായ പരീക്ഷണത്തിൽ വീഴ്ത്തപ്പെട്ടിരിക്കുന്നു എന്നതാണ് അതിനുള്ള മറുപടി. ദൈവത്തിന്റെ പരീക്ഷണം ചിലപ്പോൾ ഈ രീതിയിലുമുണ്ടാകാറുണ്ട്. അതായത് ആ വ്യക്തി അവനെ വിട്ടുകളയുകയും ഐഹികമായ ഉന്മാദങ്ങളേയും ആനന്ദാനുഭൂതികളേയും സ്നേഹിക്കുകയും ഭൗതികമായ സ്വത്തുക്കൾ ആഗ്രഹിക്കുകയും ചെയ്യുമ്പോൾ ഭൗതികമായ കവാടങ്ങൾ അവനായി തുറക്കപ്പെടുകയും എന്നാൽ, മതത്തിന്റെ വീക്ഷണത്തിൽ അവൻ പരമദരിദ്രനും നഗ്നനുമായിത്തീരുകയും അവസാനം ലൗകികമായ ചിന്തകളിൽത്തന്നെ മരിച്ചൊടുങ്ങുകയും ദീർഘകാലം നരകത്തിൽ ഇടപെടുകയും ചെയ്യുന്നു. ചിലപ്പോൾ ലൗകികകാര്യങ്ങളിൽ പരാജിതരാക്കിക്കൊണ്ടും പരീക്ഷണം ഉണ്ടാകാറുണ്ട്. എന്നാൽ, അവസാനം പറഞ്ഞ പരീക്ഷണം ആദ്യം പറഞ്ഞത്ര ഭയാനകമല്ല. എന്തുകൊണ്ടെന്നാൽ ആദ്യം പറഞ്ഞ പരീക്ഷണത്തിന് വിധേയനാകുന്നവൻ കൂടുതൽ അഹങ്കാരിയായിത്തീരുന്നു. എന്തായാലും ഈ രണ്ട് കക്ഷികളും മഗളൂബിഅലയ്ഹിം -കോപത്തിന് പാത്രമായവരാണ്. സത്യമായ സന്തോഷത്തിന്റെ ഉത്ഭവസ്ഥാനം ദൈവമാകുന്നു. അതുകൊണ്ട് ആ എന്നെന്നും ജീവിച്ചിരിക്കുന്നവനും സർവ്വതിനേയും നിലനിറുത്തുന്നവനുമായ ദൈവത്തെക്കുറിച്ച് ഇവർ അജ്ഞരാകുമ്പോൾ എന്നല്ല, അശ്രദ്ധരാകുകയും അവനിൽനിന്ന് മുഖം തിരിക്കുകയും ചെയ്യുമ്പോൾ സത്യമായ സന്തോഷം അവർക്ക് എവിടെന്ന് ലഭിക്കാനാണ്? ഈ രഹസ്യം മനസ്സിലാക്കുന്ന മനുഷ്യൻ ഭാഗ്യവാനത്രെ. ഈ രഹസ്യം മനസ്സിലാക്കാത്തവൻ നാശമടഞ്ഞിരിക്കുന്നു.

ഇപ്രകാരംതന്നെ ഭൗതിക തത്ത്വചിന്തകന്മാരെ നിങ്ങൾ അനുസരിക്കുകയോ അവരെ ആരാധ്യദൃഷ്ടിയോടെ വീക്ഷിക്കുകയോ ചെയ്യരുത്. ഇതെല്ലാം അറിവില്ലായ്മകളാണ്. അല്ലാഹു നിങ്ങളെ തന്റെ ഗ്രന്ഥത്തിൽ പഠിപ്പിച്ചിട്ടുള്ളതാണ് യഥാർഥ തത്ത്വശാസ്ത്രം. ഭൗതികതത്ത്വശാസ്ത്രത്തിന്റെ പ്രേമികളായിട്ടുള്ളവർ നാശമടഞ്ഞിരിക്കുന്നു. യഥാർഥ ജ്ഞാനവും തത്ത്വശാസ്ത്രവും അല്ലാഹുവിന്റെ ഗ്രന്ഥത്തിൽ അന്വേഷിച്ചവർ വിജയം വരിച്ചിരിക്കുന്നു. അറിവില്ലായ്മയുടെ വഴികൾ നിങ്ങൾ എന്തിനാണ് സ്വായത്തമാക്കുന്നത്? അല്ലാഹുവിന് അറിവില്ലാത്ത കാര്യങ്ങൾ നിങ്ങൾ അവനെ പഠിപ്പിക്കുവാൻ നടക്കുകയാണോ?

നിങ്ങളെ വഴികാണിക്കുമെന്ന് കരുതി നിങ്ങൾ അന്ധന്മാരുടെ പിന്നാലെ ഓടുകയാണോ? അല്ലയോ അജ്ഞരേ! സ്വയം അന്ധനായവൻ നിങ്ങളെ എന്തുവഴി കാണിക്കുവാനാണ്? എന്നല്ല, നിങ്ങളോട് വാഗ്ദാനം ചെയ്യപ്പെട്ടിട്ടുള്ള യഥാർഥ തത്ത്വശാസ്ത്രം പരിശുദ്ധാത്മാവിൽനിന്നാണ് ലഭിക്കുന്നത്. അന്യർക്ക് എത്തിച്ചേരുവാൻ സാധിക്കാത്ത അറിവുകൾവരെ നിങ്ങൾ പരിശുദ്ധാത്മാവ് വഴി എത്തിക്കപ്പെടുന്നതാണ്. സത്യസന്ധതയോടെ ചോദിച്ചാൽ അവസാനം നിങ്ങൾക്കത് കിട്ടും. അപ്പോൾ നിങ്ങൾക്ക് മനസ്സിലാകും ഹൃദയത്തിന് നവോന്മേഷവും ജീവിതവും പ്രദാനം ചെയ്യുന്നതും ദൃഢവിശ്വാസത്തിന്റെ മിനാരംവരെ എത്തിക്കുന്നതുമായ അറിവ് ഇതുതന്നെയാണെന്ന്. സ്വയം ശവം തിന്നുന്നവർ നിങ്ങൾക്ക് പരിശുദ്ധമായ ഭക്ഷണം എവിടെന്ന് കൊണ്ടുവരാനാണ്. അവർ സ്വയം അന്ധരാണ്. അവർ എങ്ങനെ നിങ്ങളെ വഴി കാണിക്കും. എല്ലാ ഓരോ പവിത്രമായ യുക്തിജ്ഞാനവും ആകാശത്തുനിന്നാണ് വരുന്നത്. അംഗവൈകല്യമുള്ളവരിൽ എന്താണ് നിങ്ങൾ അന്വേഷിക്കുന്നത്? ആരുടെ ആത്മാക്കളാണോ ആകാശത്തേക്ക് പോകുന്നത് അവർ തന്നെയാണ് യുക്തിജ്ഞാനത്തിന്റെ അനന്തരാവകാശികൾ. സ്വയം സമാധാനത്തിലല്ലാത്തവർ നിങ്ങളെ എങ്ങനെയാണ് സമാധാനപ്പെടുത്തുക? ആദ്യം വേണ്ടത് മനഃപരിശുദ്ധിയാണ്. സത്യസന്ധതയും ആത്മാർഥതയും ആവശ്യമുണ്ട്. അതിനുശേഷം ഇതെല്ലാം നിങ്ങൾക്ക് ലഭിക്കും.

**(കശ്തിയെ നൂഹ്, റൂഹാനീ ഖസായിൻ വാള്യം 19 പേജ് 23 – 24)**

**നൂറുൽ ഇസ്‌ലാംവകുപ്പിന്റെ പ്രവർത്തന സമയം:**

രാവിലെ 9 മണിമുതൽ
രാത്രി 11 മണിവരെ.
വെള്ളിയാഴ്ച ദിവസം
അവധിയായിരിക്കും.

**1800 3010 2131**

ഈ ടോൾഫ്രീ നമ്പറിൽ
വിളിച്ച് താങ്കൾക്ക്
അഹ്മദിയ്യ ജമാഅത്തിനെക്കുറിച്ച്
കാര്യങ്ങൾ മനസ്സിലാക്കാവുന്നതാണ്.

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്രാൻ ബദർ ബോർഡ്,ഖാദിയാൻ

# നിക്കാഹിന് 'വലി'യുടെ സമ്മതം നിർബന്ധമാണ്

**നള്വാറത്ത് ഇസ്‌ലാഹ് വ ഇർശാദ് മർക്കസിയ ഖാദിയാൻ**

സയ്യിദുനാ ഹദ്റത്ത് ഖലീഫത്തുൽമസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ് 2016 ഏപ്രിൽ 8ന് ചെയ്ത ജുമുഅ ഖുത്ബയിൽ പറയുന്നു:

"വിവാഹബന്ധത്തെ സംബന്ധിച്ച് പെൺകുട്ടികളിലും ഈ കാര്യം വ്യക്തമാക്കിയിരിക്കേണ്ടതാണ്. പെൺകുട്ടിയുടെ ഇഷ്ടം വിവാഹബന്ധത്തിന് പരിഗണിക്കേണ്ടതാണെങ്കിലും - നബി(സ)തിരുമേനി അവളുടെ ഇഷ്ടം സ്ഥാപിച്ചിട്ടുമുണ്ട്- പക്ഷേ, 'വലി'യുടെ അനുവാദമില്ലാതെ നിക്കാഹ് അനുവദനീയമല്ലെന്ന കാര്യം ഇസ്‌ലാം നിർബന്ധമായും പറയുന്നു.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: അല്ലാഹു ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ അയച്ചു. ആ മഹാത്മാവ് അല്ലാഹുവിൽനിന്നുള്ളയാൾ തന്നെയാണ്. അപ്പോൾ നമ്മുടെ ശരീഅത്ത് പറയുന്നത്, അതായത് ഇസ്‌ലാമിന്റെ ശരീഅത്ത് പറയുന്നത് 'വലി'യുടെ അനുവാദം കൂടാതെ-ശരീഅത്ത് സ്വയം ഒഴിച്ച് നിറുത്തിയിട്ടുള്ളതൊഴികെ-ഒരു നിക്കാഹും അനുവദനീയമല്ലെന്നാണ്. ഇനി നിക്കാഹ് നടക്കുകയാണെങ്കിൽ അത് അന്യായമായിരിക്കും. നിയമവിരുദ്ധമായിരിക്കും. അത്തരക്കാർക്ക് മനസ്സിലാക്കിക്കൊടുക്കേണ്ടത് നമ്മുടെ നിർബന്ധ കടമയാണ്. മനസ്സിലാക്കുന്നില്ലെങ്കിൽ അവരുമായിട്ടുള്ള ബന്ധം വിച്ഛേദിക്കുക.

ഇത്തരത്തിലുള്ള സംഭവങ്ങൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കാലഘട്ടത്തിലും നടന്നിട്ടുണ്ട്. ഒരിക്കൽ ഒരു യുവതി ഒരാളെ വിവാഹം കഴിക്കാൻ ആഗ്രഹിച്ചു. എന്നാൽ, അവളുടെ പിതാവ് അതംഗീകരിച്ചില്ല. അവർ രണ്ടുപേരും (ഖാദിയാനടുത്തുള്ള ഒരു സ്ഥലമായ)നങ്കലിലേക്കു പോയി. അവിടെ ചെന്ന് ഏതോ മുല്ലാക്കയെ കൊണ്ട് നിക്കാഹ് ചെയ്യിച്ചു. അവരുടെ വിവാഹം നടന്നുവെന്ന് പറയാൻ തുടങ്ങി. പിന്നീട് അവർ ഖാദിയാനിൽവന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)അത് അറിഞ്ഞപ്പോൾ അവർ രണ്ടുപേരേയും ഖാദിയാനിൽനിന്ന് പുറത്താക്കി. ഇത് ശരീഅത്തിന് വിരുദ്ധമായ പ്രവൃത്തിയാണെന്നും പെൺകുട്ടിയുടെ ഇഷ്ടം മാത്രം നോക്കി 'വലി'യുടെ അനുവാദമില്ലാതെയാണ് നിക്കാഹ് നടന്നതെന്നും പറഞ്ഞു. അവിടേയും പെൺകുട്ടിയ്ക്ക് ഇഷ്ടമായിരുന്നു. താൻ ആ പുരുഷനെ വിവാഹം കഴിക്കുമെന്ന് അവൾ പറഞ്ഞിരുന്നു. പക്ഷേ, 'വലി'യുടെ അനുവാദമില്ലാതെ അദ്ദേഹം നിക്കാഹ് കർമം നിർവഹിച്ചു. അതുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) അവരെ ഖാദിയാനിൽനിന്ന് പുറത്താക്കി. ഇപ്രകാരം (ഏതോ ഒരു നിക്കാഹ് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ന്റെ കാലഘട്ടത്തിലും നടന്നിരുന്നു. അവിടന്ന് പറഞ്ഞത്) ഈ നിക്കാഹും അനുവദനീയമല്ലെന്നാണ്. ഇക്കാര്യമാണ് ഞാൻ ആ മാതാവിനോടു പറഞ്ഞത്. (ആൺകുട്ടിയുടെ മാതാവിനോടു പറഞ്ഞത്. ഒരു സ്ത്രീ വന്നിരുന്നു. പെൺകുട്ടിക്ക് ഇഷ്ടമായിരുന്നതുകൊണ്ട് തന്റെ മകൻ നിക്കാഹ് ചെയ്തതിലെന്താണ് തെറ്റ്)അവിടന്ന് പറഞ്ഞു, ഞാൻ അവരോടു പറഞ്ഞു, നോക്കൂ! നിങ്ങളുടെ മകന് ബന്ധം കിട്ടുന്നുണ്ട്. അതുകൊണ്ടാണ് നിങ്ങൾ ചോദിക്കുന്നത്, പെൺകുട്ടി ഇഷ്ടപ്പെടുന്ന സ്ഥിതിക്ക് 'വലി'യുടെ ഇഷ്ടത്തിന്റെ ആവശ്യമെന്താണെന്ന്. പക്ഷേ, നിങ്ങൾക്കും പെൺമക്കളുണ്ട്. ഇനി അവരുടെ വിവാഹം നടന്നു കഴിഞ്ഞു എന്നാണെങ്കിൽ അവർക്കും പെൺകുട്ടികളുണ്ട്. അതിൽ ഏതെങ്കിലും ഒരു പെൺകുട്ടി ഇങ്ങനെ ഒരു അന്യപുരുഷനുമൊത്ത് ഇറങ്ങിപ്പോകുന്നത് നിങ്ങൾ ഇഷ്ടപ്പെടുമോ?"(ഖുത്ബാത്തെ മഹ്മൂദ് വാള്യം 18 പേജ് 175-176)

അതുകൊണ്ട് ആദ്യം പറഞ്ഞു കഴിഞ്ഞതുപോലെ മാതാപിതാക്കൾ അനുവദനീയമായ കാരണം കൂടാതെ ദുരഭിമാനത്തിന്റെ പേരിൽ ബന്ധം ഉറപ്പിക്കാതിരിക്കുന്നവരാകാതിരിക്കാനും കൊലപാതകംവരെ എത്തുന്ന അക്രമപരമായ പ്രവർത്തി ചെയ്യുന്നവരാകാതിരിക്കാനും ഇത്രമാത്രം കാർക്കശ്യം കാണിക്കാതിരിക്കേണ്ടതാണ്. ഇപ്രകാരംതന്നെ വീട്ടിൽനിന്ന് സ്വയം ഇറങ്ങിപ്പോയി ഏതെങ്കിലും കോടതിയിലോ ഏതെങ്കിലും മൗലവിയുടെ അടുക്കലോ ചെന്ന് വിവാഹം കഴിക്കാനോ നിക്കാഹ് ചെയ്യിക്കാനോ പെൺകുട്ടികൾക്കും ഇസ്‌ലാം അനുവാദം നല്കുന്നില്ല. എന്തെങ്കിലും നിർബന്ധിതാവസ്ഥകളാണെങ്കിൽ പെൺകുട്ടികൾക്കും കാലത്തിന്റെ ഖലീഫയ്ക്ക് എഴുതാവുന്നതാണ്. അവസ്ഥകളനുസരിച്ച് പിന്നീട് നല്ലതീരുമാനം അദ്ദേഹം നല്കുന്നതായിരിക്കും. അതിനാൽ ദുൻയാവിനെക്കാൾ ദീനിനെ മുന്തിക്കുക എന്ന അടിസ്ഥാനകാര്യം പെൺകുട്ടികളും ആൺകുട്ടികളും മുന്നിൽ വെക്കുകയാണെങ്കിൽ അല്ലാഹു പിന്നീട് അനുഗ്രഹിക്കുന്നതായിരിക്കും."

*(ബദ്ർ വീക്കിലി 2016 ഏപ്രിൽ 28 പേജ് 5)*

○○○

# ചില സംശയനിവാരണങ്ങൾ

**?** (സിയാൽക്കോട്ടുനിന്ന്) ഇവിടെ ചൊവ്വാഴ്ച മാസപ്പിറവി കണ്ടില്ല. ബുധനാഴ്ച കാണുകയുംചെയ്തു അതുകൊണ്ട് വ്യാഴാഴ്ചയായിരുന്നു ഒന്നാമത്തെ നോമ്പ്. എന്താണ് ചെയ്യേണ്ടത്?

റമദാൻ മസത്തിനു ശേഷം ആ നോമ്പ് പിടിച്ചു വീട്ടുകയാണ് വേണ്ടത്. (മൽഫൂദാത്ത് വാള്യം 9, പേജ് 437, 1984)

**?** യാത്രക്കാരനും രോഗിയും ഫിദ്‌യഃ കൊടുക്കേണ്ടതുണ്ടോ?

അല്ലാഹു ശരീഅത്തിന്റെ അടിത്തറ ബലാൽക്കാരത്തിൽ വെച്ചിട്ടില്ല. കഴിവുള്ള യാത്രക്കാരനും രോഗിയും നോമ്പിനു പകരം ഫിദ്‌യഃ കൊടുക്കേണ്ടതാണ്. ഒരു അഗതിയ്ക്കു ഭക്ഷണം നൽകുക എന്നതാണ് ഫിദ്‌യഃ. (മൽഫൂദാത്ത് വാള്യം 9, പേജ്431, 1984) ഇവിടെ രോഗി എന്നതുകൊണ്ടുള്ള ഉദ്ദേശ്യം നടപ്പു വർഷം ആരോഗ്യം തിരിച്ചു കിട്ടുമെന്ന് പ്രതീക്ഷയില്ലാത്തവരാണ്.

**?** ഫിദ്‌യഃ കൊടുക്കേണ്ട രോഗികൾ ആരൊക്കെയാണ്?

വാർധക്യം പ്രാപിച്ചവരോ നോമ്പു പിടിക്കാൻ ഒരിക്കലും സാധിക്കാത്തവരോ ആണ് ഫിദ്‌യഃ കൊടുക്കേണ്ടത്. ആരോഗ്യം വീണ്ടുകിട്ടി നോമ്പുപിടിക്കാൻ സാധിക്കുന്നവർ ഫിദ്‌യഃ കൊടുത്ത് കഴിച്ചിലാകാം എന്നു ചിന്തിക്കുന്നത് ആലസ്യത്തിന്റെ വാതിൽ തുറക്കലാണ്. അധ്വാനമില്ലാത്ത മതം നമ്മുടെ പക്കൽ മതമല്ല. ഇതേപോലെ അല്ലാഹു നൽകിയിട്ടുള്ള ഉത്തരവദിത്വങ്ങൾ ഒഴികഴിവ് പറഞ്ഞ് സ്വന്തം തലയിൽനിന്നകറ്റുന്നതും കടുംപാപമാണ്. അല്ലാഹു പറഞ്ഞിരിക്കുന്നു: 'നമ്മുടെ മാർഗത്തിൽ അത്യധ്വാനം ചെയ്യുന്നവർക്ക് സന്മാർഗം നൽകപ്പെടും. (മൽഫൂദാത്ത് വാള്യം 9, പേജ് 433, 1984)

**?** ഞാൻ ഇന്നേവരെ നോമ്പുനോറ്റിട്ടില്ല. അതിനെല്ലാം ഫിദ്‌യഃ കൊടുക്കേണ്ടതുണ്ടോ

അല്ലാഹു ഓരോരുത്തർക്കും അവർക്കു വഹിക്കാവുന്നതിനെക്കാൾ കൂടുതൽ വിഷമം കൊടുക്കുകയില്ല. കഴിവിനനുസരിച്ച് കഴിഞ്ഞുപോയതിന്റെ ഫിദ്‌യഃ കൊടുക്കുക. ഇനി എല്ലാ നോമ്പും നോല്ക്കുമെന്ന് പ്രതിജ്ഞ ചെയ്യുക.(മൽഫൂദാത്ത് വാള്യം 4, പേജ് 380, 1984)

**?** ഖാദിയാനിലെ യത്തീം ഫണ്ടിലേക്ക് ഫിദ്‌യഃ അയക്കാമോ?

കാര്യം ഒന്നുതന്നെയാണ്. തദ്ദേശവാസികളായ ഏതെങ്കിലും അഗതിയ്ക്കു കൊടുക്കുകയോ യതീം- മിസ്കീൻ ഫണ്ടിലേക്ക് അയക്കുകയോ ചെയ്യാവുന്നതാണ്

**?** നോമ്പുകാരന് താടിയിലും മീശയിലും തലയിലും എണ്ണ പുരട്ടാമോ?

പുരട്ടാവുന്നതാണ്.

**?** നോമ്പുകാരന്റെ രോഗമുള്ള കണ്ണിൽ മരുന്നിറ്റിക്കുന്നത് അനുവദനീയമാണോ?

ഈ ചോദ്യംതന്നെ അപ്രസക്തമാണ്. രോഗിക്ക് നോമ്പ് പിടിക്കാൻ കല്പനയില്ല.

**?** നോമ്പുകാരന് കണ്ണിൽ സുറുമ എഴുതാമോ?

അത് വെറുക്കപ്പെട്ടതാണ്. പകൽ സുറുമ എഴുതേണ്ട ആവശ്യമെന്ത്? രാത്രിയിൽ അത് ആകാമല്ലോ?

**?** നോമ്പുകാരന് സുഗന്ധം ഉപയോഗിക്കാമോ?

ഉപയോഗിക്കാവുന്നതാണ്. (മൽഫൂദാത്ത് വാള്യം 9, പേജ് 171 -172, 1984)

**?** മുറിയിലിരുന്ന ഞാൻ ഇടയത്താഴം കഴിക്കുകയായിരുന്നു. സമയം പോയതറിഞ്ഞില്ല. പുറത്തിറങ്ങിയപ്പോൾ വെള്ളവീശിയിരിക്കുന്നതായിക്കണ്ടു. ആ നോമ്പ് പിടിച്ചു വീട്ടണോ?

മനഃപൂർവമല്ലാത്തതുകൊണ്ട് ആവശ്യമില്ല.

**?** നോമ്പുകാരന് കണ്ണാടി നോക്കാമോ?

നോക്കാവുന്നതാണ്.

○

## ഫിദ്‌യഃ കൊടുക്കുന്നതിന്റെ ഉദ്ദേശ്യം

'എന്തിനാണ് ഫിദ്‌യഃ നിശ്ചയിച്ചിട്ടുള്ളതെന്ന് ഒരിക്കൽ ഞാൻ ചിന്തിച്ചു. ഭാഗ്യം തെളിയാൻവേണ്ടിയാണതെന്ന് മനസ്സിലായി; അതുമുഖേന നോമ്പു പിടിക്കാനുള്ള ഭാഗ്യം ലഭിക്കുക. ഭാഗ്യം നൽകാൻ അല്ലാഹുവിനു മാത്രമേ കഴിയൂ. സകല കാര്യങ്ങളും അവനോടുതന്നെ ചോദിക്കണം. അവനുദ്ദേശിച്ചാൽ ഒരു ശ്വാസരോഗിക്കുപോലും നോമ്പ് പിടിക്കാൻ കഴിവു നൽകാവുന്നതാണ്.'

## നോമ്പിന്റെ പ്രാധാന്യം

"മരണത്തോടടുത്തെത്തിയെങ്കിൽ മാത്രമേ നോമ്പ് ഉപേക്ഷിക്കുകയുള്ളു എന്നതാണ് എന്റെ അവസ്ഥ. നോമ്പ് ഉപേക്ഷിക്കാൻ മനസ്സാഗ്രഹിക്കുന്നില്ല. ഇത് അനുഗൃഹീതമായ ദിനങ്ങളാണ്. അല്ലാഹുവിന്റെ അനുഗ്രഹങ്ങളും കാരുണ്യങ്ങളും ഇറങ്ങുന്ന നാളുകളാണ്." (മൽഫൂദാത്ത് വാള്യം 2, പേജ് 203, 1984)

## മനസ്സിനുണ്ടാകുന്ന ആർദ്രത

"നോമ്പും നമസ്ക്കാരവും രണ്ടു ആരാധനകളാണ്. നോമ്പിന്റെ സ്വാധീനശക്തി ശരീരത്തിലും നമസ്ക്കാരത്തിന്റെ സ്വാധീനശക്തി ആത്മാവിലുമാണ്. നമസ്ക്കാരംകൊണ്ട് (ആത്മാവിന്) ഒരു ചുട്ടുനീറ്റലും അലിവും അനുഭവപ്പെടുന്നു. എന്നാൽ, ഈ അവസ്ഥ ചിലപ്പോൾ യോഗികളിലും ഉണ്ടാകാവുന്നതാണ്. പക്ഷേ, ദുആ മുഖേനയുണ്ടാകുന്ന ആത്മീയമായ ആർദ്രതയിൽ ആരും പെടുകയില്ല." (മൽഫൂദാത്ത് വാള്യം 7, പേജ് 374, 1984)

# ഖുത്ബ ജുമുഅ

താൽക്കാലികവും ഭൗതികവുമായ ആഗ്രഹങ്ങളേയും ആനന്ദാനുഭൂതികളേയും നമ്മുടെ യഥാർഥ ഉദ്ദേശ്യം ആക്കാതിരിക്കുമ്പോഴാണ് അഹ്മദികളെന്ന പറയപ്പെടുന്ന നമ്മൾ യഥാർഥ അഹ്മാദികളാകുന്നത്.

അല്ലാഹു സൃഷ്ടിച്ചിട്ടുള്ള നിഅ്മത്തുകൾ തീർച്ചയായും സത്യവിശ്വാസികൾക്ക് അനുവദനീയമാണ്. അനുവദനീയമായ മാർഗത്തിലൂടെ കരസ്ഥമാക്കിയതാകണമെന്നുമാത്രം! അത് ദീനിന്റെ വഴികളിലും അല്ലാഹുവിന്റെ സൃഷ്ടികളോടുള്ള കടമ നിറവേറ്റുന്ന വഴികളിലും ആരാധാനകളിലും തടസമാകരുത്.

ദുൻയാവ് സമ്പാദിക്കുന്നതിന്റെ യഥാർഥ ഉദ്ദേശ്യം ദീനായിരിക്കണം. ദീനിന്റെ സേവകനെന്ന നിലയിൽ ദുൻയാവ് സമ്പാദിക്കുക.

വിശുദ്ധ ഖുർആനിന്റേയും തിരുഹദീഥുകളുടേയും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ നിർദേശങ്ങളുടേയും വെളിച്ചത്തിൽ ലോകത്തിന്റെ കളിതമാശകളിൽനിന്നും അഹങ്കാരത്തിൽനിന്നും രക്ഷപ്പെടുന്നതിനും നന്മകൾ കരസ്ഥമാക്കുന്നതിനുമുള്ള ഉപദേശങ്ങൾ

മുഹമ്മദ് അബ്ദുല്ലാ സാഹിബിന്റെ മകൻ ബിശാറത്ത് അഹ്മദ് സാഹിബിനേയും പ്രൊഫസർ ത്വാഹിറ പ്രവീൺ മലിക് സാഹിബയേയും കുറിച്ചുള്ള അനസ്മരണവും ജനാസ നമസ്കാരവും

ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്

ജുമുഅ ഖുത്ബ 2017 മെയ് 5/1396 ഹിജ്റത്ത് 5
മസ്ജിദ് ബയ്ത്തുൽ ഫുതൂഹ് ലണ്ടൻ

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللّٰهُ وَحْدَهٗ لَا شَرِيكَ لَهٗ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ۔
أَمَّا بَعْدُ فَأَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ۔ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ۔
اَلْحَمْدُ لِلّٰهِ رَبِّ الْعَالَمِيْنَ۔ اَلرَّحْمٰنِ الرَّحِيْمِ۔ مٰلِكِ يَوْمِ الدِّيْنِ۔
اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ۔ اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ۔
صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ۔
اِعْلَمُوْٓا اَنَّمَا الْحَيٰوةُ الدُّنْيَا لَعِبٌ وَّلَهْوٌ وَّزِيْنَةٌ وَّتَفَاخُرٌۢ بَيْنَكُمْ وَتَكَاثُرٌ فِى الْاَمْوَالِ
وَالْاَوْلَادِ ؕ كَمَثَلِ غَيْثٍ اَعْجَبَ الْكُفَّارَ نَبَاتُهٗ ثُمَّ يَهِيْجُ فَتَرٰىهُ مُصْفَرًّا ثُمَّ يَكُوْنُ
حُطَامًا ؕ وَفِى الْاٰخِرَةِ عَذَابٌ شَدِيْدٌ ۙ وَّمَغْفِرَةٌ مِّنَ اللّٰهِ وَرِضْوَانٌ ؕ وَمَا الْحَيٰوةُ الدُّنْيَآ
اِلَّا مَتَاعُ الْغُرُوْرِ۔ (الحديد:21)

ഇതിന്റെ തർജമ ഇപ്രകാരമാണ്: 'നിങ്ങൾ അറിഞ്ഞുകൊള്ളുക! ഐഹിക ജീവിതം ഒരു കളിയും വിനോദവും അലങ്കാരവും നിങ്ങൾ പരസ്പരം വമ്പു നടിക്കലും ധനത്തിലും സന്തതികളിലും പെരുമകാണിക്കലും മാത്രമാണ്. ഇതൊരു മഴപോലെയാണ്. അതുമൂലമുണ്ടായ സസ്യലതാദികൾ കർഷകരെ ആനന്ദിപ്പിക്കുന്നു. പിന്നെ അത് ഉണങ്ങിപ്പോകുന്നു. അപ്പോൾ നിനക്കതിനെ മഞ്ഞ നിറമുള്ളതായി കാണാം.പിന്നെ അത് ചവറായിത്തീരുന്നു. പരലോകത്ത് (നിഷേധികൾക്ക്)കഠിന ശിക്ഷയും (വിശ്വാസികൾക്ക്)അല്ലാഹുവിൽനിന്നുള്ള പാപമോചനവും അവന്റെ സംതൃപ്തിയും ലഭിക്കുന്നതാണ്. ഐഹിക ജീവിതം വഞ്ചനയുടെ വിഭവങ്ങൾ മാത്രമാണ്.'(57:21)

ഐഹികലോകത്തെ ബാഹ്യമായ ജീവിതവും അതിലെ സൗകര്യങ്ങളും അതിലെ ആനന്ദങ്ങളും അതിലെ ധനവും സമ്പത്തുമെല്ലാം താൽക്കാലിക വസ്തുക്കളാണെന്നും അതിന്റെ നില, കളിയും തമാശയും മനസ്സിന് ഉല്ലാസം കൊടുക്കുന്നതിനെക്കാളുപരി ഒരു വിലയുമില്ലാത്തതാണെന്നും അല്ലാഹു വിശുദ്ധ ഖുർആനിൽ പല സ്ഥലങ്ങളിലും പറഞ്ഞിരിക്കുന്നു, എന്നല്ല മുന്നറിയിപ്പും നല്കിയിരിക്കുന്നു. അല്ലാഹുവിനെ കുറിച്ചും തന്റെ ജീവിതോദ്ദേശ്യത്തെ കുറിച്ചും അശ്രദ്ധനായ മനുഷ്യൻ മാത്രമേ ഈ വസ്തുക്കളിലേക്കും ഇക്കാര്യങ്ങളിലേക്കും കുനിയുകയുള്ളൂ. അത് ഭൗതികപരമായ കാര്യങ്ങളാണ്. പക്ഷേ, ഉന്നതമായ ലക്ഷ്യങ്ങൾ വെച്ചു പുലർത്തുന്ന-അതാണുണ്ടാകേണ്ടത്- ഒരു മുഅ്മിൻ അഥവാ സത്യവിശ്വാസി ഇക്കാര്യങ്ങളിൽ വളരെ ഉയർന്നവനും ഉയർന്നവനായി ചിന്തിക്കുന്നവനും ഉയർന്ന ഉദ്ദേശ്യങ്ങളേയും അല്ലാഹുവിന്റെ സാമീപ്യത്തേയും അവന്റെ സ്നേഹത്തേയും അന്വേഷിക്കാൻ ശ്രമിക്കുന്നവനുമായിരിക്കും. ഇക്കാലത്തെ ഇമാമിനെ വിശ്വസിച്ചവരും നബി(സ) തിരുമേനിയുടെ പ്രവചനമനുസരിച്ച് വന്ന വാഗ്ദത്ത മസീഹിന്റേയും മഹ്ദിയുടേയും ജമാഅത്തിൽ പ്രവേശിച്ചവരും ആ മഹാത്മാവിന് ബയ്അത്തു ചെയ്തവരുമാണെന്ന് വാദിക്കുന്ന നമ്മുടെ ചിന്താഗതി തീർച്ചയായും വളരെ ഉയർന്നതായിരിക്കേണ്ടതാണ്. താൽക്കാലികവും ഭൗതികവുമായ ആഗ്രഹങ്ങളേയും ആനന്ദാനുഭൂതികളേയും നമ്മുടെ യഥാർഥ ഉദ്ദേശ്യം ആക്കാതിരിക്കുമ്പോഴാണ് അഹ്മദികളെന്ന പറയപ്പെടുന്ന നമ്മൾ യഥാർഥ അഹ്മാദികളാകുന്നത്. എന്നല്ല ലോകം ഇന്ന് ആ ആനന്ദാനുഭൂതികളിൽ കുടുങ്ങിക്കിടക്കുകയാണ്. തന്നിലേക്ക് ശ്രദ്ധ തിരിച്ചുവിടാനായി ഓരോ ചുവടിലും ശയ്ത്വാൻ തന്റെ താവളമടിച്ചിരിക്കുന്നു. അവൻ ഈ ലോകത്ത് വസിക്കുന്ന എല്ലാ വ്യക്തികളേയും തന്നിലേക്ക് ശ്രദ്ധതിരിക്കാൻ ശ്രമിച്ചു കൊണ്ടിരിക്കുന്നു. പൂർണമായും ശ്രമിച്ച് അതിൽനിന്ന് നമ്മൾ രക്ഷപ്പെടേണ്ടതാണ്. ഒരിക്കലും ഭൗതിക സമ്പത്തിന്റെ സമ്പാദനമോ ഭൗതികമായ ആസ്വാദനങ്ങളിൽനിന്ന് ആനന്ദം കൈക്കൊള്ളുകയോ ആകരുത് നമ്മുടെ ഉദ്ദേശ്യം. കാരണം ഈ വസ്തുക്കളുടെ പര്യവസാനം നല്ലതായിരിക്കുകയില്ല. അല്ലാഹു ഈ ഭൗതിക വസ്തുക്കളെ ഉപമിച്ചുകൊണ്ട് പറയുന്നു: ഇത് വളർന്നുപൊങ്ങുന്ന കാർഷികോല്പന്നം പോലെയാണ്. എന്നാൽ, അവസാനം ഉണങ്ങി പൊടിയായിപ്പോകുന്നു. ശക്തമായ പൊടിക്കാറ്റ് അതിനെ പറത്തിക്കൊണ്ടുപോകുകയും ചെയ്യുന്നു. ലൗകികരുടെ പര്യവസാനം ഇപ്രകാരമാണുണ്ടാകുന്നത്. അവരുടെ ധനങ്ങളുടെ ആധിക്യമോ ധനമോ സമ്പത്തോ അവർക്ക് പ്രയോജനപ്പെടുകയില്ല. അവരുടെ സന്താനങ്ങളും അവർക്ക് ഫലവത്താകുകയില്ല. ചിലർ ഈ ലോകത്തുതന്നെ തങ്ങളുടെ ധനവും സമ്പത്തും നഷ്ടപ്പെട്ടവരായിത്തീരുന്നു. ആരുടെയെങ്കിലും ബാഹ്യമായ പര്യവസാനം ഭൗതികമായ നിലയിൽ നല്ലതായി തോന്നുന്നുവെങ്കിലും പരലോകത്ത് അവരുടെ കണക്കെടുപ്പ് നടക്കേണ്ടതുതന്നെയാണ്.അവർ കേവലം ഭൗതികമായ കളിതമാശകളിൽ മുഴുകിയതിനാലും അല്ലാഹുവിന്റേയും അവന്റെ ദീനിന്റേയും കോളംപൂരിപ്പിക്കാതെ വിട്ടു കളഞ്ഞതിനാലും ആ കോളം കാലിയായ കിടന്നതിനാലും അവനിലേക്ക് കൂടുതൽ ശ്രദ്ധ കൊടുക്കാതിരുന്നതിനാലും അവരെ ശിക്ഷയിൽ അകപ്പെടുത്തുന്നതാണ്. അതേ, അല്ലാഹു തന്റെ മഗ്ഫിറത്തിന്റെ (പൊറുക്കലിന്റെ) പുതപ്പിൽ പൊതിഞ്ഞ് അവരോടു പൊറുക്കലോടെ പെരുമാറുന്ന ചിലരുടെ ചില നന്മകളുണ്ട്. അല്ലാഹുവിന്റെ കാരുണ്യം വളരെ വിശാലമാണ്. അതിനുവിധേയരായി ചിലയാളുകൾ തങ്ങളുടെ ചില നന്മകൾ കാരണത്താൽ അവന്റെ പ്രീതിയും ദൈവസന്തോഷവും കരസ്ഥമാക്കുന്നവരായിത്തീരുന്നു. പക്ഷേ, ഈ ജീവിതമാണ് എല്ലാമെല്ലാമെന്ന് മനസ്സിലാക്കരുതെന്ന് അല്ലാഹു പറയുന്നത് നിങ്ങൾ ഓർമിക്കേണ്ടതാണ്. യഥാർഥ ജീവിതം മരണത്തിനുശേഷമുള്ള ജീവിതമാണ്. അതുകൊണ്ട് അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നതിനും പര്യവസാനം ശുഭമായിരിക്കുന്നതിനും വേണ്ടി അല്ലാഹുവുമായിട്ടുള്ള ബന്ധവും അവന്റെ കല്പനകൾക്കു വിധേയമായിട്ടുള്ള നടത്തവും നിർബന്ധമാണ്. മനുഷ്യൻ അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കാൻ ശ്രമിക്കുമ്പോഴും അവൻ പറഞ്ഞുതന്നിട്ടുള്ള വഴിയിലൂടെ നടക്കുമ്പോഴും പര്യവസാനം സുഖകരമായിരിക്കുമെന്നു മാത്രമല്ല ഈ ലോകവും അവന് കരസ്ഥമാകുന്നതാണ്. അല്ലാഹു സൃഷ്ടിച്ചിട്ടുള്ള ഭൗതികമായ അനുഗ്രഹങ്ങളെ പ്രയോജനപ്പെടുത്തരുതെന്ന് അല്ലാഹു പറയുന്നില്ല. പക്ഷേ, നിങ്ങളെ ദീനീപരമായ നിർബന്ധ കടമകളിലേക്കും അല്ലാഹുവിനോടുള്ള കടമ നിർവഹിക്കുന്നതിലേക്കും ശ്രദ്ധ ഉണ്ടാകാത്ത വിധം നിങ്ങൾ ഭൗതികവസ്തുക്കൾ കരസ്ഥമാക്കുന്നതിൽ മുങ്ങിപ്പോകരുതെന്ന് അല്ലാഹു തീർച്ചയായും പറയുന്നുണ്ട്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) ഒരിടത്തു പറയുന്നു:'ആരാണോ അല്ലാഹുവിൽനിന്ന് വരുന്നത് അവർ ലോകത്തെ ഉപേക്ഷിക്കുന്നു. അതുകൊണ്ടുള്ള ഉദ്ദേശ്യം ലോകത്തെ അവർ തങ്ങളുടെ ഉദ്ദേശ്യവും ലക്ഷ്യവുമാക്കുകയില്ലെ

ന്നാണ്.' (കേവലം ദുൻയാവ് ആയിരിക്കുകയില്ല അവരുടെ ലക്ഷ്യം. ദുൻയാവ് ലക്ഷ്യമാകാതിരിക്കുമ്പോൾ പറയുന്നു:) 'ദുൻയാവ് അവരുടെ സേവകനും അടിമയും ആയിത്തീരുന്നു.' വീണ്ടും പറയുന്നു: 'ഇതിന്നെതിരിൽ ആരാണോ ലോകത്തെ തന്റെ യഥാർഥ ഉദ്ദേശ്യമാക്കുന്നത് അവൻ ലോകത്തെ എത്രമാത്രം കരസ്ഥമാക്കിയാലും വേണ്ടില്ല അവസാനം നിന്ദിതനായിത്തീരുന്നതാണ്.'(മൽഫൂദാത്ത് വാല്യം 7 പേജ് 317 1985 ലണ്ടൻ പതിപ്പ്)

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞ ഇക്കാര്യം അക്കാലത്തേയോ പുരാതനമോ ആയ കാര്യമല്ല. പ്രത്യുത ഇന്നും വിചാരിക്കുന്നത് ലോകത്തിന്റെ സാമ്പത്തിക വ്യവസ്ഥിതി വളരെ കെട്ടുറപ്പുള്ളതാണെന്നാണ്. ഇതുമാത്രമല്ല മറിച്ച് വലിയ വലിയ ബാങ്കുകളും നിലവിലുണ്ട്. ഇതുണ്ടായിട്ടും ബാങ്കുകളെ ആശ്രയിച്ച് കൃഷികളും വ്യാപാരങ്ങളും നടത്തുന്നവർ തങ്ങളുടെ കൃഷികളിലും വ്യാപാരങ്ങളിലും വൻ നഷ്ടങ്ങൾ സഹിച്ചുകൊണ്ടിരിക്കുകയാണ്. എന്നല്ല, ബാങ്കും അങ്ങേയറ്റം നഷ്ടത്തിലേക്ക് പോകാൻ തുടങ്ങുന്നതായി കാണുന്നു. ഇതിന്റെ ഫലമായി നിത്യവും വാർത്തകൾ വന്നുകൊണ്ടിരിക്കുന്നു. ചിലയിടത്ത് ബാങ്കുകൾ തങ്ങളുടെ ഉദ്യോഗസ്ഥരെ നീക്കം ചെയ്തു. അവരുടെ എണ്ണം കുറച്ചുകൊണ്ടിരിക്കുന്നു. ചില പട്ടണങ്ങളിൽ തങ്ങളുടെ ബ്രാഞ്ചുകൾ അടച്ചുപൂട്ടുന്നു. വലിയ വലിയ കമ്പനികൾ തങ്ങളുടെ ജോലിക്കാരെ പിരിച്ചുവിടുന്നു. പല കമ്പനികളേയും അവരുടെ ജോലിക്കാരും വായ്പ നല്കിയ ബാങ്കും കോടതികളിൽ വലിച്ചുകൊണ്ടുപോകുന്നു. അവിടെ അവർക്കും അവരുടെ വ്യാപാരങ്ങൾക്കും നിർധനാവസ്ഥ ബോധിപ്പിക്കേണ്ടിവരുന്നു. തങ്ങളെ bankrupt ആയി declair ചെയ്യേണ്ടിവരുന്നു. അവരുടെ വസ്തുവകകൾ ജപ്തി ചെയ്യപ്പെടുന്നു. അവർ ചില്ലിക്കാശിനുപോലും ആശ്രിതരായിത്തീരുന്നു. 2008-ലുണ്ടായ സാമ്പത്തിക പ്രതിസന്ധിയുടെ ഫലങ്ങൾ ഇന്നുവരേയും തുടർന്നുകൊണ്ടിരിക്കുന്നു. വലിയ വലിയ വ്യാവസായികൾ എല്ലാം നഷ്ടപ്പെട്ടവരായി. എത്രത്തോളമെന്നാൽ ഭരണകൂടങ്ങളേയും അത് ബാധിച്ചു. എണ്ണ ഉൽപാദിപ്പിക്കുന്ന രാജ്യങ്ങൾ മനസ്സിലാക്കിയിരുന്നത് തങ്ങളുടെ ഈ സമ്പത്ത് ഒരിക്കലും അവസാനിക്കുകയില്ലെന്നായിരുന്നു. പക്ഷേ, അവസാനിച്ചുപോയി. എന്താണ് അവർക്ക് സംഭവിച്ചത്? അവിടേയും സർക്കാറുകൾക്ക് തങ്ങളുടെ ചെലവുകൾ കുറക്കേണ്ടിവന്നു. തങ്ങളുടെ ഉദ്യോഗസ്ഥരെ പിരിച്ചുവിടേണ്ടിവന്നു. അല്ലാഹു മുസ്ലീംകളെ ഏതൊരു നിഅ്മത്തുകൊണ്ടാണോ അനുഗ്രഹിച്ചത് അതിനെ അവിടെത്തെ രാജാക്കന്മാരും ഭരണാധികാരികളും രാഷ്ട്രീയ നേതാക്കളും അല്ലാഹുവിന്റെ കല്പനകളിലൂടെ നടന്നുകൊണ്ട് അല്ലാഹുവിന്റെ തൃപ്തിയുടെ മാർഗമാക്കുന്നതിനുപകരം തങ്ങളുടെ സുഖലോലുപതയിൽ അമിതവ്യയംചെയ്തു. അങ്ങനെ ചെയ്തുകൊണ്ടിക്കുന്നുവെന്നത് മുസ്ലിം രാഷ്ട്രങ്ങളുടെ ദൗർഭാഗ്യമാണ്. ആ സമ്പത്ത് കൊണ്ട് മനുഷ്യനെ രക്ഷിക്കുന്നതിനും ദരിദ്രരായ മുസ്ലിം രാഷ്ട്രങ്ങളേയും മറ്റു രാജ്യങ്ങളേയും സ്വന്തം കാലിൽ നിറുത്തുന്നതിനും ശ്രമിച്ചിരുന്നെങ്കിൽ! സ്വന്തം രാജ്യത്തിലെ പട്ടണിപ്പാവങ്ങളുടെ പട്ടിണിഅകറ്റുന്നിതിലേക്കും ഉടുതുണിയില്ലാതെ നഗ്നരായി നടക്കുന്നവരുടെ നഗ്നത അവസാനിപ്പിക്കുന്നതിലേക്കും അവർ ശ്രദ്ധിച്ചില്ല. തങ്ങളുടെ പോക്കറ്റുകൾ നിറയ്ക്കുന്നതിൽ അവർ വ്യാപൃതരായി. ഇപ്പോഴും ഈ അവസ്ഥ തന്നെയാണുള്ളത്. ഇതിന്റെ ഫലമായി ലോകത്തിന്റെ മുമ്പിലും നിന്ദ്യരായിക്കൊണ്ടിരിക്കുന്നു. പക്ഷേ, അത് അവർ മനസ്സിലാക്കുന്നില്ല. പരലോക ശിക്ഷയെ സംബന്ധിച്ച് അല്ലാഹു ഭയപ്പെടുത്തി പറഞ്ഞിട്ടുള്ളതാണ്. അതിലേക്കും ദൃഷ്ടി ഉയർത്തി നോക്കുന്നില്ല. അത് കഠിനവും നിന്ദ്യവുമായ ശിക്ഷയാണ്.

ലോകത്തിന്റെ സമ്പത്ത് അത് വ്യക്തികളുമായി ബന്ധപ്പെട്ടതാണെങ്കിലും വലിയ വലിയ ബിസിനസുകാരുമായി ബന്ധപ്പെട്ടതാണെങ്കിലും ബിസിനസുകമ്പിനികളുമായി ബന്ധപ്പെട്ടതാണെങ്കിലും ഭരണകൂടങ്ങളുമായി ബന്ധപ്പെട്ടതാണെങ്കിലും അതുകൊണ്ടുള്ള തെറ്റായ ഉപയോഗം അല്ലാഹുവിന്റെ പിടിത്തത്തിൽ കൊണ്ടുവരുന്നതാണ്. ഈ ലോകത്തോ പരലോകത്തോ ഇരുലോകത്തുമോ ശിക്ഷ നല്കാവുന്നതാണ്.

അതുകൊണ്ട് വളരെ ഭയപ്പെടേണ്ട സ്ഥാനമാണിത്. ബുദ്ധിമാനായ ഓരോ മനുഷ്യനും പ്രത്യേകിച്ചും അല്ലാഹുവിൽ വിശ്വസിക്കുന്ന ഓരോ യഥാർഥ മുസൽമാനും എപ്പോഴും തന്റെ മുമ്പിൽ ഇതു വെക്കേണ്ടതാണ്. വെറും ബാഹ്യമായ നിലയിലല്ല. മറിച്ച് ആരാധനകളേയും അല്ലാഹുവിന്റെ കല്പനകളേയും അംഗീകരിക്കുന്നതിന് ഒരു വേദനയും പരിശ്രമവും ഉണ്ടാകേണ്ടതാണ്. തങ്ങൾ നമസ്കരിക്കുന്നുണ്ടെന്നും ആരാധനകൾ നിർവഹിക്കുന്നുണ്ടെന്നും നോമ്പു പിടിക്കുന്നുണ്ടെന്നും പറയുന്നവർ ചോദിക്കുന്നുണ്ടാകും 'അല്ലാഹു സൃഷ്ടിച്ചിട്ടുള്ള നിഅ്മത്ത് കരസ്ഥമാക്കുന്നതിനുവേണ്ടി ശ്രമിക്കുന്നുണ്ടെങ്കിൽ അതിലെന്താണ് തെറ്റ്?' ഒന്ന് ആരാധനകളിൽ ആത്മാർഥതയും കൂറുമുണ്ടാകേണ്ടതാണ്. നിങ്ങളുടെ ആരാധനകളിലും ആത്മാർഥതയും കൂറുമുണ്ടായിരിക്കണമെന്നാണ് അല്ലാഹുവും പറഞ്ഞിട്ടുള്ളത്. മറ്റു നിഅ്മത്തുകൾകൊണ്ട് അല്ലാഹുവിന്റെ സൃഷ്ടികളോടുള്ള കടമകളും നിറവേറ്റേണ്ടതാണ്. നമ്മുടെ ഇവിടെ എന്താണ് നടക്കുന്നത്? രാജ്യങ്ങളുടെ രാജാക്കന്മാർ ഉല്ലാസത്തിന് പോകുന്നതിനുവേണ്ടി വിമാനങ്ങളുടെ ചങ്ങാടമാണ് കൂടെ കൊണ്ടുപോകുന്നത്. വലിയ വലിയ സാധനസാമഗ്രികൾ കൂടെ കൊണ്ടുപോകുന്നു. മില്യൺകണക്കിന് ഡോളറുകളാണ് അതിനുവേണ്ടി ചെലവഴിക്കുന്നത്. തങ്ങളുടെ നാട്ടിലെ ദരിദ്രരിൽ ഒരു നേരത്തെ പശിയടക്കാൻപോലും കഴിവല്ലാത്തവർ ഉള്ളപ്പോഴാണിത്. ഇത് അല്ലാഹുവിന്റെ കല്പനയിൽനിന്നുള്ള അകൽച്ചയാണ്. ഒരുഭാഗത്ത് അല്ലാഹുവിന്റെ പേരു പറയുന്നു, മറുഭാഗത്ത് അവന്റെ പേരു പറഞ്ഞുകൊണ്ട് അവന്റെ കല്പനകളെ നിഷേധിക്കുന്നു. ഇത് പിന്നീട് അല്ലാഹുവിന്റെ ശിക്ഷയ്ക്കു പാത്രമാക്കുന്നു. ഇത് കളിതമാശകളാണ്. ബാഹ്യമായ കളിയും ചാട്ടവുമാണ്. ബാഹ്യമായ സൗന്ദര്യവും വമ്പു പറയലുമാണ്. തങ്ങളുടെ ധനത്തിന്റെ അനുവദനീയമല്ലാത്ത പ്രകടനമാണ്.

അത്തരക്കാരെ കുറിച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ) ഒരിടത്തു പറയുന്നു: "ആത്മാർഥതയും സത്യസന്ധതയും ഇല്ലാതെയുള്ള കേവലം ബാഹ്യമായ നമസ്കാരവും നോമ്പും ഒരു ഗുണവും ഉൾക്കൊള്ളുന്നതല്ല.' (മൽഫൂദാത്ത് വാല്യം 4 പേജ് 420 1985 ലണ്ടൻ പതിപ്പ്)

അത്തരക്കാരുടെ നമസ്കാരത്തെ കുറിച്ചാണ് അല്ലാഹു ഫവയ്ലുല്ലിൽ മുസ്വല്ലീൻ എന്നു പറഞ്ഞിരിക്കുന്നത്. അത്തരം നമസ്കാരക്കാരുടെ മേൽ നാശം! നമ്മുടെ ആത്മീയമായ അവസ്ഥയിൽ നന്മയുണ്ടാക്കുന്ന ആരാധനകളും അത്തരം ജോലികളുമാണ് യഥാർഥത്തിൽ അല്ലാഹു നമ്മളിൽനിന്ന് ആഗ്രഹിക്കുന്നത്. നമ്മുടെ ഉള്ളിൽ വേദനയുണ്ടാക്കുന്നതും ആരുടെയെങ്കിലുംമേൽ ഔദാര്യം ചെയ്യുന്നുവെന്ന് തോന്നാത്തതുമായ വികാരത്തോടെ ആളുകളോടുള്ള കടമ നിറവേറ്റുന്നവരായിരിക്കണം. അത്തരം ആരാധനകളാണ് അല്ലാഹുവിന്റെ കൃപയെ ആകർഷിച്ചെടുക്കുന്നത്. അത്തരം സമ്പത്തും അല്ലാഹുവിന്റെ അനുഗ്രഹങ്ങൾക്ക് അവകാശികളാക്കുന്നതാണ്.

ഭൗതികമായ ധനത്തിൽനിന്നും സമ്പത്തിൽനിന്നും ലോകം സമ്പാദിക്കുന്നതിൽനിന്നും അവൻ നമ്മെ തടഞ്ഞില്ല. അല്ലാഹു സൃഷ്ടിച്ചിട്ടുള്ള നിഅ്മത്തുകൾ തീർച്ചയായും സത്യവിശ്വാസികൾക്ക് അനുവദനീയമാണ്. അനുവദനീയമായ മാർഗത്തിലൂടെ കരസ്ഥമാക്കിയതാകണമെന്നു മാത്രം! അത് ദീനിന്റെ വഴികളിലും അല്ലാഹുവിന്റെ സൃഷ്ടികളോടുള്ള കടമ നിറവേറ്റുന്ന വഴികളിലും ആരാധാനകളിലും തടസമാകരുത്.

നബി(സ)തിരുമേനിക്ക് തന്റെ സമുദായത്തെ സംബന്ധിച്ച്, സ്വഹാബാക്കളിൽ താൻ ഉണ്ടാക്കിയ പരിശുദ്ധമാറ്റവും അവർ ദീനിനെ ദുൻയാവിനെക്കാൾ മുന്തിക്കുന്നതിന്റെ ചൈതന്യത്തെ മനസ്സിലാക്കിയിരുന്നതും ഭാവിയിലെ മുസ്ലീംകളിൽനിന്ന് നഷ്ടപ്പെട്ടുപോകുമോ, ഇല്ലാതാകുമോ എന്ന ആശങ്കയുണ്ടായിരുന്നു. ഒരു അവസരത്തിൽ നബി(സ)തിരുമേനി പറഞ്ഞു: 'എന്റെ ഉമ്മത്ത് അഥവാ സമുദായം മോഹങ്ങളെ പിൻപറ്റി പോകുമോഎന്നും ഭൗതികമായ പ്രതീക്ഷകൾ പൂർത്തിയാക്കുന്നതിന് ദീർഘമായ പദ്ധതി ഉണ്ടാക്കുന്നതിൽ വ്യാപൃതരാകുമോ എന്നും ആ മോഹങ്ങളുടെ പിന്നാലെ പോകുന്നതിന്റെ ഫലമായി സത്യത്തിൽനിന്ന് അകന്നുപോകുമോ എന്നുമുള്ള കാര്യത്തിലാണ് ഞാൻ ഏറ്റവും കൂടുതൽ ആശങ്കപ്പെടുന്നത്. ദുൻയാവ് സമ്പാദിക്കുന്നതിനുള്ള പദ്ധതികൾ പരലോകവിചാരത്തിൽനിന്ന് അശ്രദ്ധരാക്കുന്നതാണ്. നബി(സ)തിരുമേനി പറഞ്ഞു: 'അല്ലയോ ജനങ്ങളേ! ഈ ലോകം യാത്രയ്ക്കുള്ള സാധനസാമഗ്രികൾ കെട്ടിവച്ചു കഴിഞ്ഞിരിക്കുകയാണ്. പരലോകവും പുറപ്പെട്ടുവരാനായി തയ്യാറെടുത്തു കഴിഞ്ഞിരിക്കുന്നു. ഇരുഭാഗത്തുനിന്നും യാത്ര ആരംഭിച്ചുകഴിഞ്ഞിരിക്കുകയാണ്. ലോകം അതിന്റെ പര്യവസാനത്തിലേക്ക് പൊയ്ക്കൊണ്ടിരിക്കുന്നു. എന്തായാലും അവസാനം ഖിയാമത്ത് വരേണ്ടതാണ്. ആഖിറത്തിലും കണക്കെടുപ്പുകൾ ഉണ്ടാകുന്നതാണ്. അവിടെയും തയ്യാറെടുപ്പുകൾ ആരംഭിച്ചു കഴിഞ്ഞു. ഇവ രണ്ടിലും ഓരോരുത്തർക്കും കുറച്ച് അടിമകളും ദാസരുമുണ്ട്. ലോകത്തിനും കുറച്ച് അടിമകളുണ്ട്. പരലോകത്തെ കുറിച്ച് ചിന്തിക്കുന്നവരും കുറച്ചുണ്ട്. ലോകത്തിന്റെ ദാസരാകാതിരിക്കാൻ നിങ്ങൾക്ക് കഴിയുമെങ്കിൽ തീർച്ചയായും അങ്ങനെ ചെയ്യുക. നിങ്ങൾ ഇപ്പോൾ കർമങ്ങളുടെ ഭവനത്തിലാണുള്ളത്. ഇപ്പോൾ കണക്കെടുപ്പിന്റെ സമയം വന്നിട്ടില്ല. എന്നാൽ, നാളെ നിങ്ങൾ പരലോകത്തിന്റെ ഭവനത്തിലായിരിക്കുമുണ്ടാകുക. അവിടെ ഒരു കർമങ്ങളും ഉണ്ടാകുകയില്ല.'(ബഹാറുൽ അൻവാർ അശ്ശേയ്ഖ് മുഹമ്മദ് ബാഖിർ മജ്‌ലിസി ഹദീഥ് 63)

ഏതൊരു കർമമാണോ ഉണ്ടാകേണ്ടത്, ഏതൊരു കർമത്തിന്റെ ഫലമാണോ കിട്ടേണ്ടത് അത് ഈ ലോകത്തുതന്നെയാണ് കിട്ടേണ്ടത്. അതുകൊണ്ട് നിങ്ങളുടെ കർമങ്ങൾ ശരിയാക്കിക്കൊള്ളുക.

അതിനാൽ ഈ ലോകം കർമത്തിന്റെ ഭവനമാണ്. ഇവിടെത്തെ കർമങ്ങൾ അടുത്ത് ലോകത്ത് രക്ഷയ്ക്കോ ശിക്ഷയ്ക്കോ മാർഗമാകുന്നതാണ്. ഐഹിക ജീവിതം ഒരു കളിയും വിനോദവും അലങ്കാരവും നിങ്ങൾ പരസ്പരം വമ്പു നടിക്കലും ധനത്തിലും സന്തതികളിലും പെരുമകാണിക്കലും മാത്രമാണെന്നും ഇതൊരു മഴപോലെയാണെന്നും അതുമൂലമുണ്ടായ സസ്യലതാദികൾ കർഷകരെ ആനന്ദിപ്പിക്കുന്നുവെന്നും പിന്നെ അത് ഉണങ്ങിപ്പോകുന്നുവെന്നും അപ്പോൾ നിനക്കതിനെ മഞ്ഞ നിറമുള്ളതായി കാണാമെന്നും പിന്നെ അത് ചവറായിത്തീരുന്നുവെന്നും അതിനെ കാറ്റു പറത്തിക്കൊണ്ടുപോകുന്നുവെന്നും അല്ലാഹു പറഞ്ഞ കാര്യങ്ങൾ നമ്മളിൽനിന്ന് ഓർമവെക്കുന്നവൻ എത്രമാത്രം

ഭാഗ്യവാനാണ്. യഥാർഥ കാര്യം അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കലാണ്. ഇക്കാര്യമാണ് നബി(സ)തിരുമേനി പറഞ്ഞത്, 'അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നവരാകുന്നതിന് നിങ്ങൾ സൽക്കർമങ്ങൾ ചെയ്യുക.'

തങ്ങളെ അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നവരാക്കുന്നതും സൽക്കർമികളാക്കുന്നതുമായ കാര്യങ്ങൾ എങ്ങനെ ആരു മുഖേന പഠിക്കുകയും മനസ്സിലാക്കുകയും ചെയ്യുമെന്ന അന്വേഷണത്തിലായിരുന്നു എപ്പോഴും സ്വഹാബ രിള്വാനുല്ലാഹി അലയ്ഹിം. അവർ ഇതിനെക്കുറിച്ച് നബി(സ)തിരുമേനിയോടു ചോദിക്കാറുമുണ്ടായിരുന്നു. ഈ ഉദ്ദേശ്യത്തോടെ ഒരിക്കൽ ഒരാൾ നബി(സ)തിരുമേനിയുടെ തിരുസന്നിധിയിൽ ഹാജരായിക്കൊണ്ട് ചോദിച്ചു: അല്ലാഹുവിന്റെ റസൂലേ! ഞാൻ ചെയ്യുമ്പോൾ, അല്ലാഹു എന്നെ സ്നേഹിക്കുന്നതിനും മറ്റുള്ളവർ എന്നെ ആഗ്രഹിക്കുന്നതിനും ഉതകുന്ന എന്തെങ്കിലും കർമം എനിക്കു പറഞ്ഞുതന്നാലും. നബി(സ) തിരുമേനി പറഞ്ഞു, 'ദുൻയാവിനോടു താൽപര്യമില്ലാത്തവനും സ്വയംപര്യാപ്തനും ആയിത്തീരുക. എന്നാൽ, അല്ലാഹു നിന്നെ സ്നേഹിക്കാൻ തുടങ്ങുന്നതാണ്. എന്തൊന്നാണോ ജനങ്ങളുടെ പക്കലുള്ളത് അതായത് ഭൗതികമായ ധനവും സ്വത്തും അതിനോടുള്ള ആഗ്രഹം വർജിക്കുക. ജനങ്ങളിലേക്ക് അസൂയാദൃഷ്ടിയോടെ നോക്കാതിരിക്കുക. ജനങ്ങളുടെ സമ്പത്തിലേക്കും അസൂയാ ദൃഷ്ടിയോടെ നോക്കാതിരുക്കുക. ജനങ്ങൾ നിന്നെ സ്നേഹിക്കാൻ തുടങ്ങുന്നതാണ്.'(സുനൻ ഇബ്നുമാജ കിതാബുസ്സുഹ്ദ്)

ദുൻയാവിനോടു താൽപര്യമില്ലാത്തവനാകുക എന്നതിന്റെ അർഥം സമൂഹമായിട്ടുള്ള ബന്ധം വിച്ഛേദിക്കുക എന്നതല്ല. ലോകവുമായിട്ടുള്ള ബന്ധം തികച്ചും മുറിഞ്ഞുപോകുക എന്നതല്ല. വിവാഹം കഴിക്കാതിരിക്കുക എന്നതല്ല. മക്കളോടുള്ള കടമകൾ നിറവേറ്റാതിരിക്കുക എന്നതല്ല. ചെയ്തുകൊണ്ടിരിക്കുന്ന തൊഴിൽ ഉപേക്ഷിച്ചുകൊണ്ട് കൈയും കെട്ടി ഇരിക്കുക എന്നതല്ല. ഭൗതികജോലികളിൽ അധ്വാനിക്കാതിരിക്കുക എന്നതല്ല. സന്യാസിയാകുക എന്നതല്ല. ഒരിക്കലും ഇതിന്റെ ഉദ്ദേശ്യം അതല്ല. ഇസ്‌ലാം ഇത് ആഗ്രഹിക്കുന്നില്ല. നബി(സ)തിരുമേനിയുടെ ജീവിതമാതൃക നമ്മുടെ മുമ്പിലുണ്ട്. അവിടന്ന് വിവാഹവും കഴിച്ചു. അവിടന്ന് ഭാര്യമാരോടുള്ള കടമകളും നിറവേറ്റി. അവിടന്ന് മക്കളോടുള്ള കടമകളും നിറവേറ്റി. ആ മഹാത്മാവിന്റെ പക്കൽ ധനവും സമ്പത്തും വന്നു. ആട്ടിൻപറ്റങ്ങൾ ആ മഹാത്മാവിന്റെ കൈയിൽ ഉണ്ടാകുന്നു. നിവേദനങ്ങളിൽ വന്നിരിക്കുന്നു, ചിലപ്പോൾ അവിടന്ന് ഒന്നും ചിന്തിക്കാതെ 'താങ്കൾ ഇത്രമാത്രം ഇഷ്ടപ്പെടുകയും ഇത്രമാത്രം അതിമോഹത്തോടെ നോക്കുകയും ചെയ്യുന്നെങ്കിൽ ഇതെടുത്തോ' എന്നു പറഞ്ഞ് ഒരു സത്യനിഷേധിക്ക് അത് കൊടുത്തു. അതിന്റെ ഫലമായി അയാൾ മുസ്‌ലിമായി. (സ്വഹീഹ് മുസ്‌ലിം കിതാബുൽ ഫളായിൽ ഹദീഥ് 6020)

പക്ഷേ, ആ വസ്തുവകകളൊക്കെ ഉണ്ടായിരുന്നിട്ടും അല്ലാഹുവിനോടും അവന്റെ സൃഷ്ടികളോടുമുള്ള കടമകൾ നിറവേറ്റി. നബി(സ)തിരുമേനി പറഞ്ഞു:'എന്റെ നടപടിക്രമങ്ങളനുസരിച്ച് പ്രവൃത്തിക്കേണ്ടത് നിങ്ങൾക്ക് നിർബന്ധമാണ്. സന്യാസി ആകരുത്. ലോകത്ത് ജീവിക്കണം. ഇക്കാര്യങ്ങൾ നിങ്ങളുടെ മുന്നിലും വെക്കേണ്ടതാണ്. കാരണം ഞാൻ ഇത് ചെയ്തുകൊണ്ടിരിക്കുന്നു.'(സുനൻ നിസായി കിതാബുന്നിക്കാഹ് ഹദീഥ് 3219)

അതുകൊണ്ട് നമ്മൾ മനസ്സിലാക്കേണ്ടതുണ്ട്. ഇതിന്റെ ഉദ്ദേശ്യം നമ്മുടെ ആരാധനകളിൽ ഇടയ്ക്ക് തടസം വരാൻ പാടില്ല എന്നാണ്. അല്ലാഹുവിന്റെ കല്പനകളനുസരിച്ച് പ്രവർത്തിക്കുന്നതിൽനിന്ന് നമ്മെ തടയാൻ പാടില്ല. ധനവും സമ്പത്തും സമ്പാദിക്കുന്നതിൽ മുഴുകുമ്പോൾ അത് നമ്മെ അല്ലാഹുവിനോടുള്ള കടമ നിർവഹിക്കുന്നതിൽ അശ്രദ്ധരാക്കാൻ പാടില്ല. ഇപ്രകാരംതന്നെ മറ്റുള്ളവരുടെ സമ്പത്തിന്റേയും വസ്തുക്കളുടേയുംമേൽ അസൂയാദൃഷ്ടി ഉണ്ടാകാൻ പാടില്ല. കാരണം അസൂയയുടെ ദൃഷ്ടിതന്നെയാണ് പിന്നീട് മറ്റുള്ളവർക്ക് നഷ്ടമുണ്ടാക്കണമെന്ന വിചാരവുമുണ്ടാക്കുന്നത്. ലോകത്തുണ്ടാകുന്ന കലഹങ്ങളും ഇതേ അസൂയ മുഖേനയാണുണ്ടാകുന്നത്. വൻശക്തികൾ ചെറിയ രാജ്യങ്ങളുടെമേൽ കേവലം ദൃഷ്ടിവെച്ചുകൊണ്ടിരിക്കുന്നത്, അവർ തങ്ങളുടെ മേൽനോട്ടത്തിലായിരിക്കുമെന്നും അവരുടെ സമ്പത്തിൽനിന്നും പ്രകൃതിപരമായ മാർഗങ്ങളിൽനിന്നും തങ്ങൾക്ക് ഫലമെടുക്കുണമെന്ന നിലയിലാണ്. മറ്റുള്ളവരുടെ സമ്പത്തിൽ കണ്ണുവെക്കുമ്പോൾ ലോകത്ത് കുഴപ്പങ്ങളുമുണ്ടാകുന്നു. അത് വ്യക്തികളുടെ ഇടയിലാണെങ്കിലും വേണ്ടില്ല വൻ ഭരണകൂടങ്ങളുടെ ഇടയിലാണെങ്കിലും വേണ്ടില്ല. അതുകൊണ്ടാണ് പറഞ്ഞത് നിങ്ങളിൽ ഉള്ളതുകൊണ്ട് തൃപ്തിപ്പെടുന്ന അവസ്ഥ ഉണ്ടാകണമെന്ന്. അത്യാഗ്രഹത്തോടെ മറ്റുള്ളവരെ നോക്കരുത്. അതേ, നിങ്ങളുടെ കഴിവുകളേയും നിങ്ങളുടെ കരവിരുതിനേയും പ്രയോജനത്തിൽകൊണ്ടുവരിക. അധ്വാനിക്കുക. മനുഷ്യൻ അധ്വാനിക്കുമ്പോൾ പിന്നീട് സമ്പത്ത് സമ്പാദിക്കുന്നതിൽ കുറ്റമൊന്നുമില്ല. ആ ധനം അല്ലാഹുവിനോടും അവന്റെ ദാസരോടുമുള്ള കടമ നിറവേറ്റുന്നതിൽ തടസ്സമാകാൻ പാടില്ലെന്നുമാത്രം.

ദുൻയാവിനോടു താൽപര്യമുണ്ടാകരുത് എന്നതിന്റെ വിശദീകരണം നബി(സ)തിരുമേനി തന്നെയും നല്കിയിട്ടുണ്ട്. പറഞ്ഞു: 'ദുൻയാവിനോടുള്ള താൽപര്യമില്ലായ്മയും സ്വാത്മ പരിത്യാഗവും എന്നത് മനുഷ്യൻ തന്നിൽ ഏതെങ്കിലും ഹലാലായതിനെ ഹറാമാക്കുകയും തന്റെ ധനം നശിപ്പിക്കുകയും ചെയ്യുക എന്നതല്ല. പ്രത്യുത സ്വാത്മപരിത്യാഗമെന്നാൽ നിങ്ങൾക്ക് നിങ്ങളുടെ ധനത്തിനെക്കാളുപരി അല്ലാഹുവിന്റെ പാരിതോഷികത്തിലും ദാനത്തിലും വിശ്വാസമുണ്ടാകുക എന്നതാണ്. നിങ്ങളുടെ ധനത്തിൽ വിശ്വാസം കൊള്ളരുത്. അല്ലാഹുവിലായിരിക്കണം വിശ്വാസമുണ്ടാകേണ്ടത്. അവനിൽ സർവവും ഭരമേല്പിക്കുക. നിങ്ങളിൽ എന്തെങ്കിലും വിപത്തു വന്നാൽ അതിനു കിട്ടേണ്ടതായ പ്രതിഫലത്തിലും പുണ്യത്തിലും നിങ്ങളുടെ ദൃഷ്ടി ഊന്നിയിരിക്കണം. നിങ്ങൾ വിപത്തുകളെ പ്രതിഫലത്തിനുള്ള മാർഗമായി മനസ്സിലാക്കുക.(സുനൻ ഇബ്നുമാജ കിതാബുസ്സുഹ്ദ് ഹദീഥ് 4100)

മനുഷ്യനുമേൽ വിപത്തുകൾ വരുന്നു. ബുദ്ധിമുട്ടുകൾ വരുന്നു. അതു നഷ്ടപ്പെടുമ്പോൾ കരയുകയും നിലവിളിക്കുകയും അരുത്. അല്ലാഹു തന്നെ പരീക്ഷിക്കുകയായിരിക്കും എന്നും അതിനും തനിക്ക് പ്രതിഫലം കിട്ടുമെന്നും മനസ്സിലാക്കുക. യഥാർഥ കാര്യം എന്താണെന്നാൽ ഭൗതികമായ നഷ്ടങ്ങളുണ്ടാകുമ്പോൾ ശിർക്കിന്റെ നാറ്റം ഉണ്ടാകുന്ന തരത്തിൽ മനുഷ്യൻ കരയാനും നിലവിളിക്കാനും പാടില്ല. ഒരുപാട് വ്യവസായികളുണ്ട്. അവർക്ക് സാമ്പത്തിക നഷ്ടമുണ്ടാകുമ്പോൾ മാനസികരോഗികളായിത്തീരുന്നു. ചിലർ ആത്മഹത്യ ചെയ്യുന്നു. അല്ലാഹുവിൽ വിശ്വാസമുണ്ടെങ്കിൽ, ഉള്ളതുകൊണ്ട് തൃപ്തിപ്പെടുകയാണെങ്കിൽ ഒരിക്കലും ഈ അവസ്ഥ ഉണ്ടാകുകയില്ല.

അതിനാൽ നബി(സ)തിരുമേനി നമ്മളിൽനിന്നും മുഅ്മിനീംകളിൽനിന്നും തന്റെ സമുദായത്തിലെ ആളുകളിൽനിന്നും സ്വാത്മപരിത്യാഗത്തിന്റേയും ദുൻയാവിനോടുള്ള താൽപര്യമില്ലായ്മയുടേയും ഈ നിലവാരമാണ് കാണാൻ ആഗ്രഹിക്കുന്നത്. അല്ലാഹുവിന്റെ കൃപയാണ്, ഇക്കാലഘട്ടത്തിൽ അല്ലാഹു ധാരാളം അഹ്മദികൾക്ക് ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ വിശ്വസിക്കുന്ന കാരണത്താൽ, ഈ ഗ്രാഹ്യം പ്രദാനം ചെയ്തിരിക്കുന്നു; ദുൻയാവിലെ നഷ്ടം അവർക്കുമുമ്പിൽ ഒരു വിലയുമില്ലാത്തതാണ്. എന്നല്ല അത്തരം അവസ്ഥകളിൽ മുമ്പത്തേക്കാളധികം അല്ലാഹുവിലേക്ക് മടങ്ങേണ്ടതാണെന്ന് അവർ മനസ്സിലാക്കുന്നു. പാക്കിസ്താനിലും മറ്റു ചില സ്ഥലങ്ങളിലും അഹ്മദികളുടെ ലക്ഷക്കണക്കിന് കോടിക്കണക്കിന് വസ്തുവകകൾ എതിരാളികൾ നശിപ്പിച്ചു. അഗ്നിക്കിരയാക്കി. പക്ഷേ, അല്ലഹുവിൽ വിശ്വാസമർപ്പിക്കുന്ന ഈ അഹ്മദികൾ ഭരണകൂടത്തിനോടു ചോദിച്ചില്ല, മറ്റാരോടും ചോദിച്ചില്ല. മറിച്ച് അല്ലാഹുവിനോടുള്ള വിശ്വാസം കാരണത്താൽ ആയിരക്കണക്കിന് ലക്ഷക്കണക്കിന് വസ്തുവകകൾ നഷ്ടപ്പെട്ടത് അവർക്ക് കോടികളായി തിരിച്ചുകിട്ടി.

അതിനാൽ ഈ ഉദാഹരണങ്ങൾ അഹ്മദികളുടെ ഈമാനിനെ ശക്തിപ്പെടുത്തുന്നതോടൊപ്പം തങ്ങളുടെ അവസ്ഥകൾ കാരണത്താൽ വിദേശത്തു വന്നിട്ടുള്ള അഹ്മദികൾക്ക്, അന്യരാജ്യങ്ങളിൽ, വികസിത രാഷ്ട്രങ്ങളിൽ വന്നിട്ടുള്ള അഹ്മദികൾക്ക്, പാക്കിസ്ഥാനിൽനിന്ന് പുറത്തു വന്നിട്ട് അല്ലാഹു നല്കിയിട്ടുള്ള സാമ്പത്തികാഭിവൃദ്ധി കേവലം അല്ലാഹുവിന്റെ കൃപയൊന്നുമാത്രമാണെന്ന ബോധം ഉണ്ടാക്കേണ്ടതാണ്. ഇത് അല്ലാഹുവിന്റെ കൃപയാകുമ്പോൾ അത് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് ബയ്അത്ത് ചെയ്ത കാരണത്താലാണ്. അതുകൊണ്ട് നമ്മുടെ മെച്ചപ്പെട്ട അവസ്ഥകൾ ഒരു തരത്തിലുള്ള അഹംഭാവത്തിനും മാർഗം ആകാൻ പാടില്ല. അതിൽ നമ്മൾ അഭിമാനിക്കാനും പാടില്ല. നമ്മൾ ധനത്തിന്റേയും സമ്പത്തിന്റേയുംമേൽ ലൗകികരെപ്പോലെ മറിഞ്ഞു വീഴാൻ പാടില്ല എന്ന ബോധവും ഉണ്ടാക്കേണ്ടതാണ്. നമ്മൾ അസൂയാദൃഷ്ടിയോടെ മറ്റുള്ളവരുടെ സമ്പത്തിലേക്ക് നോക്കാൻ പാടില്ല. പ്രത്യുത നബി(സ)തിരുമേനിയുടെ നിർദേശമനുസരിച്ച് ഏതെങ്കിലും കാര്യത്തെ അസൂയാദൃഷ്ടിയോടെ നോക്കണമെങ്കിൽ മതപരമായ അടിസ്ഥാനത്തിൽ നമ്മളെക്കാൾ ഉയർന്നവരെ നമ്മൾ നോക്കേണ്ടതാണ്. (സുനനുത്തുർമുദി ഹദീഥ് 2512)അവരെ നോക്കിക്കൊണ്ട് അവരെപ്പോലെയാകാൻ ശ്രമിക്കേണ്ടതാണ്.

ഹദ്റത്ത് മസീഹ് മൗഊദ്(അ)ഉം വളരെ വിശദമായി ഈ വിഷയം വിവരിച്ചിട്ടുണ്ട്; അതായത് നമ്മൾ ഭൗതികമായ പ്രവൃത്തികളേയും സമ്പത്തുകളേയും ഏതു പരിധിവരെ സ്വായത്തമാക്കാമെന്ന്! വിശുദ്ധ ഖുർആനിന്റെ അധ്യാപനത്തിന്റെ വെളിച്ചത്തിൽ നബി(സ)തിരുമേനിയുടെ നിർദേശങ്ങൾ മനസ്സിലാക്കിക്കൊണ്ട് ഏറ്റവും അധികം ജ്ഞാനവും ഗ്രാഹ്യവും ആ മഹാത്മാവിനായിരുന്നു.

ഹദ്റത്ത് മസീഹ് മൗഊദ്(അ) ഒരു അവസരത്തിൽ പറഞ്ഞു:'അല്ലാഹു ദുൻയാവിലെ പ്രവൃത്തികളെ അനുവദനീയമാക്കിയിരിക്കുന്നു. കാരണം ആ വഴിയിലൂടേയും പരീക്ഷണം വരുന്നു.' (പറഞ്ഞതിന്റെ ഉദ്ദേശ്യം ഭൗതികജോലി ഒരാൾ ചെയ്യുന്നില്ലെങ്കിൽ, സാമ്പത്തിക അവസ്ഥകൾ വളരെ മോശമാണെങ്കിൽ അപ്പോഴും പരീക്ഷണം വരുന്നതാണ്. മനുഷ്യൻ ബുദ്ധിമുട്ടുകളിൽ അകപ്പെട്ടുപോകുന്നു. പറഞ്ഞു, ആ പരീക്ഷണം കാരണത്താൽ മനുഷ്യൻ പിന്നെ മോഷ്ടാവും ആയിത്തീരും. ചൂതാട്ടക്കാരനുമാകും. ചൂതുകളിക്കാൻ തുടങ്ങുന്നു. കൊള്ളക്കാരനുമാകും. ചതിയനുമായിത്തീരും. എന്തെല്ലാം ചീത്ത ശീലങ്ങളുണ്ടോ അതെല്ലാം സ്വീകരിക്കുന്നു. സാമ്പത്തികമായ ബലഹീനതയും തിന്മകളിൽ അകപ്പെടുത്തുന്നതാണ്). പറഞ്ഞു, എല്ലാ കാര്യത്തിനും ഒരു പരിധിയുണ്ട്. ദീനിന്റെ കാര്യത്തിൽ നിങ്ങളുടെ സഹായി ആകുന്ന പ

രിധിവരെ ഭൗതികമായ പ്രവൃത്തികളെ സ്വീകരിക്കുക. അതിൽ യഥാർഥമായ ലക്ഷ്യം ദീനായിരിക്കണം."(അതായത് അതുകൊണ്ട് നിങ്ങളുടെ യഥാർഥ ഉദ്ദേശ്യം ദീൻ കരസ്ഥമാകണം എന്നതായിരിക്കേണ്ടതാണ്. അതായത് ദീൻ ഒരിക്കലും രണ്ടാം സ്ഥാനത്തേക്ക് പോകാൻ പാടില്ല. ദുൻയാവ് സമ്പാദിക്കുക. ദുൻയാവിൽനിന്ന് ഫലമെടുക്കുക. പക്ഷേ, എപ്പോഴും അല്ലാഹുവിനോടുള്ള ഭയവും അവനോടുള്ള ഭക്തിയും നിങ്ങളുടെ മുമ്പിൽ ഉണ്ടായിരിക്കേണ്ടതാണ്. മതാധ്യാപനങ്ങൾ നിങ്ങളുടെ മുമ്പിൽ ഉണ്ടായിരിക്കേണ്ടതാണ്.) പറഞ്ഞു: 'നാം ഭൗതികജോലികളിൽനിന്നും നിങ്ങളെ വിരോധിക്കുന്നില്ല. രാവും പകലും ദുൻയാവിലെ തൊഴിലുകളിലും കുഴപ്പങ്ങളിലും വ്യാപൃതരായി അല്ലാഹുവിന്റെ കോളവും ദുൻയാവിനെക്കൊണ്ട് നിറയ്ക്കാനും പറയുന്നില്ല.' (അതായത് അല്ലാഹുവിനെ ഓർമ്മ തന്നെ വരാതിരിക്കുക. ആരാധനകളുടെ നേരത്തും ഭൗതികമായ കാര്യങ്ങളിൽ കുടുങ്ങിക്കിടക്കുക. നമസ്കാര നേരങ്ങളിൽ ഇന്റർനെറ്റിൽ മുഴുകുക. സിനിമകൾ കാണുന്നതിൽ വ്യാപൃതരാകുക. അല്ലെങ്കിൽ മറ്റെന്തെങ്കിലും ഭൗതിക പരിപാടികൾ കാണുക. ഇതല്ല). പറഞ്ഞു:'ആരെങ്കിലും അങ്ങനെ ചെയ്യുകയാണെങ്കിൽ അവർ നിഷേധത്തിന്റെ കാര്യഹേതുക്കൾ കൂടെ എത്തിക്കുകയാണ് ചെയ്യുന്നത്. അയാളുടെ നാവിൻതുമ്പിൽ വെറും വാദം മാത്രമേ ഉള്ളു. (വെറും വാദം മാത്രമാണ്. യഥാർഥത്തിലുള്ള ബയ്അത്തല്ല. ഈമാനല്ല). "ചുരുക്കത്തിൽ അല്ലാഹുവിന്റെ ദിവ്യജ്യോതിസ്സ് നിങ്ങൾക്ക് കാണാൻ കഴിയുന്നതിന് ജീവിച്ചിരിക്കുന്നവരുടെ സഹവാസത്തിൽ കഴിയുക."(മൽഫൂദാത്ത് വാള്യം 2 പേജ് 73 1985 ലണ്ടൻ പതിപ്പ്)

ഒരു അവസരത്തിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)പറഞ്ഞു:'ദുൻയാവിനോടു ഒരു ഉദ്ദേശ്യവും ബന്ധവും വെക്കാൻതന്നെ പാടില്ലെന്ന് ആരും മനസ്സിലാക്കരുത്.' പറഞ്ഞു: 'എന്റെ ഉദ്ദേശ്യം ഇതല്ല. അല്ലാഹു ദുൻയാവ് സമ്പാദിക്കുന്നതിനെ വിരോധിക്കുന്നുമില്ല. എന്നല്ല ഇസ്‌ലാം സംന്യാസത്തെ വിരോധിച്ചിരിക്കുന്നു. ഇത് ഭീരുക്കളുടെ പണിയാണ്."(ദുൻയാവിൽനിന്ന് വേറിട്ടു നിലക്കുക എന്നത് ഭീരുക്കളുടെ പണിയാണ്.) മുഅ്മിന്റെ ബന്ധങ്ങൾ ദുൻയാവിനോടു എത്രമാത്രം വിശാലമാകുന്നുവോ അത് അവന്റെ ഉന്നതമായ പദവികൾക്ക് കാരണമാകുന്നതാണ്.'(അതായത് ദുൻയാവുമായിട്ടുള്ള ബന്ധവും ഉണ്ടാകണം. പക്ഷേ, ലക്ഷ്യം ദുൻയാവാകരുത്.) കാരണം അവന്റെ ഉദ്ദിഷ്ടസ്ഥാനം ദീനാണ്. ദുൻയാവും അതിനെ സ്വത്തുവകകളും ദീനിന്റെ സേവകനാകുന്നു. ഉദ്ദേശ്യം ദുൻയാവാകരുത് എന്നതാണ് യഥാർഥ കാര്യം. പ്രത്യുത ദുൻയാവ് സമ്പാദിക്കുന്നതിന്റെ യഥാർഥ ഉദ്ദേശ്യം ദീനായിരിക്കണം. ദീനിന്റെ സേവകനെന്ന നിലയിൽ ദുൻയാവ് സമ്പാദിക്കുക. മനുഷ്യൻ ഒരു സ്ഥലത്തുനിന്ന് മറ്റൊരുസ്ഥലത്ത് പോകുന്നതിനുവേണ്ടി യാത്രാവാഹനവും പാഥേയവും കൈയിൽ കരുതുന്നു. അതിന്റെ യഥാർഥ ഉദ്ദേശ്യം ലക്ഷ്യസ്ഥാനത്തെത്തുക എന്നതാണ്. യാത്രാവാഹനമോ വഴിയിലെ ആവശ്യങ്ങളോ അല്ല. ഇപ്രകാരം മനുഷ്യൻ ദീനിന്റെ സേവകനെന്ന് മനസ്സിലാക്കി ദുൻയാവ് കരസ്ഥമാക്കുക."

ഇതിന്റെ പരമ്പരയിൽ അവിടന്ന് അല്ലാഹു പഠിപ്പിച്ചിട്ടുള്ള റബ്ബനാ ആത്തിനാ ഫിദ്ദുൻയാ ഹസനത്തൻ വഫിൽ ആഖിറത്തി ഹസനത്തൻ എന്ന ദുആ സ്മരിച്ചുകൊണ്ടു പറയുന്നു: അല്ലാഹു റബ്ബനാ ആത്തിനാ ഫിദ്ദുൻയാ ഹസനത്തൻ വഫിൽ ആഖിറത്തി ഹസനത്തൻ എന്ന ദുആ പഠിപ്പിച്ചിരുക്കുന്നു. ഇതിലും ദുൻയാവിനെ മുന്തിച്ചിരിക്കുന്നു. പക്ഷേ, ഏത് ദുൻയാവിനെ? ഹസനത്തുദ്ദുൻയാവിനെ." ഈ ദുൻയാവിലെ നന്മകളെ. പരലോകത്ത് നന്മകൾക്ക് നിമിത്തമാകുന്ന ദുൻയാവിനെ. ഈ ദുആ പഠിപ്പിച്ചതിൽനിന്ന് വ്യക്തമായും മനസ്സിലാകുന്നത് മുഅ്മിന് ദുൻയാവ് സമ്പാദിക്കുന്നതിൽ ഹസനാത്തുൽ ആഖിറായുടെ ചിന്ത വേണമെന്നാണ്. അതിനോടൊപ്പംതന്നെ ഹസനത്തുദ്ദുൻയാ എന്ന പദത്തിൽ മുഅ്മിനായ ഒരു മുസ്‌ലിമിന് ദുൻയാവ് സമ്പാദിക്കാൻ സ്വീകരിക്കേണ്ട എല്ലാ ഉത്തമമായ മാർഗങ്ങളെ കുറിച്ചും പറഞ്ഞിരിക്കുന്നു. ദുൻയാവിനെ ഏതു രീതിയിൽ കരസ്ഥമാക്കണമെന്നാൽ അതു സ്വീകരിക്കുന്നതുകൊണ്ട് നന്മയും ഗുണവുംതന്നെയുണ്ടാവണം. മറ്റു മനുഷ്യർക്ക് ബുദ്ധിമുട്ടേല്പിക്കുന്നതിനു കാരണമാകുന്ന രീതിയാകാൻ പാടില്ല. സ്വന്തം വർഗത്തിൽ ആർക്കെങ്കിലും നാണക്കേടിന് കാരണമാകാൻ പാടില്ല. അത്തരം ലോകം ഹസനത്തുൽ ആഖിറത്തിന് കാരണമായിത്തീരുന്നതാണ്."(മൽഫൂദാത്ത് വാള്യം 2പേജ് 91–92 1985 ലണ്ടൻ പതിപ്പ്)

പിന്നീട് അദാബിനേയും ജഹന്നമിനേയും സ്മരിച്ചുകൊണ്ട് പറയുന്നു: 'ജഹന്നം അഥവാ നരകം എന്തു വസ്തുവാണെന്ന് മനസ്സിലാക്കിയിരിക്കേണ്ടതാണ്. മരിച്ചതിനുശേഷം കിട്ടുമെന്ന് അല്ലാഹു വാഗ്ദാനം ചെയ്തിട്ടുള്ളതാണ് ഒരു ജഹന്നം. രണ്ടാമത്തേത് ഈ ജീവിതവും അല്ലാഹുവിനുവേണ്ടിയുള്ളതല്ലെങ്കിൽ അതും ജഹന്നം തന്നെയാണ്.'16) അല്ലാഹു അത്തരം മനുഷ്യനെ ബുദ്ധിമുട്ടുകളിൽനിന്ന് രക്ഷിക്കാനും സൗഖ്യം നൽകാനും ഏറ്റെടുക്കുന്നവനാവുകയില്ല. ഏതെങ്കിലും ഭൗതികസമ്പത്തോ ഭരണമോ ധനമോ ആദരവോ മക്കളുടെ ആധിക്യമോ ഒരു വ്യക്തിക്കും സൗഖ്യത്തിനോ സമാധാനത്തിനോ ശാന്തിക്കോ കാരണമാകുമെന്ന് വിചാരിക്കരുത്. അത് ദമെ നഖദ് ബിഹിശ്തി ഹി ഹോത്താ ഹെ" (അതായത് ഇക്കാര്യങ്ങൾ സമാധാനത്തിന് നിമിത്തമാകുകയില്ല. അതിലൂടെ ജന്നത്ത് കിട്ടുകയുമില്ല). പറഞ്ഞു: 'ഒരിക്കലുമില്ല.' (അത്തരം കാര്യങ്ങൾ സ്വർഗ്ഗം നൽകുകയില്ല). പറഞ്ഞു: സ്വർഗ്ഗത്തിന്റെ അനുഗ്രഹങ്ങളിൽനിന്നുള്ള ആ സമാധാനവും ആ ശാന്തിയും ആ തൃപ്തിയും ഇപ്പറഞ്ഞ കാര്യങ്ങൾകൊണ്ട് ലഭിക്കുകയില്ല. അത് ദൈവത്തിൽതന്നെ ജീവിച്ചിരിക്കുകയും മരിക്കുകയും ചെയ്യുന്നതുകൊണ്ടാണ് ലഭിക്കുന്നത്."

(അത് ലഭിക്കുന്നത് എപ്പോഴും അല്ലാഹു മുമ്പിലുണ്ടാകുമ്പോഴാണ്. ഭൗതികമായ നന്മകളും മനുഷ്യൻ അല്ലാഹുവിന്റെ കല്പനകൾക്കനുസരിച്ച് കരസ്ഥമാക്കുമ്പോൾ പരലോകത്തെ നന്മകളും അവന് ലഭിക്കുന്നു. ആ ദൈവം മുന്നിൽ ഉണ്ടാകാത്തിടത്തോളം അല്ലാഹു തന്നെ കാണുന്നുണ്ടെന്നുള്ള വിചാരം എപ്പോഴും ഇല്ലാത്തിടത്തോളം മനുഷ്യന് പിന്നെ കർമങ്ങൾ ചെയ്യാനും സാധിക്കുകയില്ല.) പറഞ്ഞു:"പ്രവാചകന്മാർ(അ) പ്രത്യേകിച്ചും ഇബ്റാഹീം(അ)ന്റേയും യഅ്ഖൂബ്(അ)ന്റേയും വസിയ്യത്ത് ലാ തമൂത്തുന്ന ഇല്ലാ വ അൻതും മുസ്‌ലിമൂൻ എന്നതായിരുന്നു. (നിങ്ങൾ പൂർണമായും അനുസരണം പുലർത്തിക്കൊണ്ടല്ലാതെ ഒരിക്കലും മരിക്കരുത്. (2:133)ഇതിന്റെ ഉദ്ദേശ്യവും മനുഷ്യന് അറിയുകയില്ലെന്നാണ്. മരിക്കലും ജീവിക്കലും മനുഷ്യന്റെ കഴിവിൽപ്പെട്ടതുമല്ല. പറഞ്ഞതിന്റെ ഉദ്ദേശ്യം എല്ലാ സമയവും അല്ലാഹുവിന്റെ കല്പനകളിൽ ദൃഷ്ടി ഊന്നുക എന്നതാണ്. പരലോകത്തെ കുറിച്ച് ചിന്തിക്കുക). പറഞ്ഞു: 'ദുൻയാവിലെ ആനന്ദാനുഭൂതികൾ ഒരു തരത്തിലുള്ള അവിശുദ്ധമായ അസൂയ ഉണ്ടാക്കി ആഗ്രഹങ്ങളേയും ആശകളേയും വർധിപ്പിക്കുന്നു.' (ദുൻയാവിലെ ആനന്ദാനുഭൂതികൾ എന്താണ്? അത് ദുൻയാവിലെ ആഗ്രഹങ്ങളേയും ആശകളേയും വർധിപ്പിക്കുന്നതാണ്).' ജലോദരം പിടിപെട്ട രോഗിയെപ്പോലെ ദാഹം ഒരിക്കലും ശമിക്കുകയില്ല.'(ഏതുപോലെ ദാഹത്തിന്റെ അസുഖമുള്ള രോഗി വെള്ളം കുടിച്ചുകൊണ്ടേ പോകുന്നു. എത്രത്തോളമെന്നാൽ വെള്ളം കുടിച്ച് കുടിച്ച് മരിക്കുന്നു. പക്ഷേ, അയാളുടെ ദാഹം ശമിക്കുന്നില്ല. ഇപ്രകാരംതന്നെയാണ് ലോകത്തെ ആഗ്രഹിക്കുന്നവരുടെ കാര്യവും. ഭൗതികതയ്ക്കുവേണ്ടിയുള്ള അന്വേഷണം ഒരിക്കലും അവസാനിക്കുകയില്ല. പറഞ്ഞു: എത്രത്തോളമെന്നാൽ അവനും നാശം വരുന്നു.

ഈ അനാവശ്യമായ ആഗ്രഹങ്ങളുടേയും ദുഃഖത്തിന്റേയും അഗ്നിയും നടേ പറഞ്ഞ ജഹന്നമിന്റെ അഗ്നിപോലെ തന്നെയാണ്.' (ഭൗതികമായ ആഗ്രഹങ്ങളും അതു ലഭിക്കാത്തതിലുള്ള ദുഃഖങ്ങളും അഗ്നിയാണ്. ഇത് നരകവുമാണ്). പറഞ്ഞു: അത് മനുഷ്യമനസ്സിന് സമാധാനവും സ്ഥൈര്യതയും നല്കുകയില്ല. മറിച്ച് അതിനെ ചാഞ്ചാട്ടത്തിലും പരിഭ്രമത്തിലും ചുറ്റിത്തിരിയുന്നതാക്കി വെക്കുന്നു. അതുകൊണ്ട് മനുഷ്യൻ ധനത്തിലും സമ്പത്തിലും അല്ലെങ്കിൽ ഭാര്യയോടും മക്കളോടുമുള്ള സ്നേഹത്തിന്റെ ആവേശത്തിലും ലഹരിയിലും അവന്റേയും അല്ലാഹുവിന്റേയുമിടയിൽ ഒരു മറ വീഴുംവിധം ഉന്മത്തനാകാൻ പാടില്ല എന്ന കാര്യം എന്റെ സ്നേഹിതന്മാരുടെ ദൃഷ്ടിയിൽനിന്ന് മറഞ്ഞിരിക്കാൻ പാടില്ല.(ഇക്കാരണങ്ങളാൽ അല്ലാഹുവിൽനിന്ന് അകൽച്ച ഉണ്ടാകാതിരിക്കട്ടെ). പറഞ്ഞു: ധനവും മക്കളും പരീക്ഷണം എന്ന് പറയുന്നത് അവരിൽനിന്ന് മനുഷ്യന് ഒരു നരകം തയ്യാറാകുന്നു എന്നതുകൊണ്ടാണ്. അവരിൽനിന്ന് വേർപെടുത്തപ്പെടുമ്പോൾ കഠിനമായ അസ്വസ്ഥതയും പരിഭ്രമവും പ്രകടിപ്പിക്കുന്നു. ഈ രീതിയിൽ നാറുല്ലാഹിൽ മൂഖദത്തുല്ലത്തീ തത്തലിഉ അലൽ അഫ്ഇദ(104:7–8) (അതായത് മനസ്സുകളുടെ ഉള്ളിൽവരെ എത്തുന്ന അല്ലാഹുവിന്റെ നല്ലവണ്ണം ജ്വലിപ്പിക്കപ്പെട്ട അഗ്നിയാണത്.) പറഞ്ഞു: ഇളകുന്ന നിലയിൽ നിലനിൽക്കാതെ മറിച്ച് ബുദ്ധിയ്ക്ക് ഗ്രഹിക്കാവുന്ന രൂപം പ്രാപിക്കുന്നതാണ്. അതിനാൽ മനുഷ്യന്റെ മനസ്സിനെ കത്തിച്ച് കബാബാക്കുന്ന ഈ അഗ്നിയും കത്തിയമർന്ന കരിക്കട്ടയെക്കാളും കൂടതുൽ കറുത്തതാക്കിത്തീർക്കുന്നു. ഇത് അന്യദൈവങ്ങളോടുള്ള സ്നേഹമാണ്.' (മൽഫൂദാത്ത്, വാള്യം 2, പേജ് 101–102, 1985 ലണ്ടൻ പതിപ്പ്)

അല്ലാഹുവിന് പുറമേയും എന്തെങ്കിലും സ്നേഹമുണ്ടെങ്കിൽ അത് തീയായി തീരുന്നു. ഈ ലോകത്ത് നരകമായി ഭവിക്കുന്നു.

അതുകൊണ്ട് നമ്മെ ഈ രാജ്യങ്ങളുടെ സുഖസൗകര്യങ്ങളും സൗഖ്യവും അല്ലാഹുവിനെ ആരാധിക്കുന്നതിൽനിന്ന് അശ്രദ്ധരാക്കുന്നതാകരുത്. അവനോടുള്ള കടമ നിറവേറ്റുന്നതിൽനിന്ന് തടയുന്നതാക്കരുത്. നമ്മുടെ നല്ല അവസ്ഥകളും നമ്മുടെ മെച്ചപ്പെട്ട സാമ്പത്തിക സ്ഥിതികളും നമ്മുടെ ബലഹീനരായ സാമ്പത്തിക സ്ഥിതിയിലുള്ള സഹോദരന്മാരോടുള്ള കടമകൾ നിർവഹിക്കുന്നതിൽനിന്ന് ഒരി ക്കലും തടയുന്നതാകരുത്. ആ ഉദ്ദേശ്യം മറന്നുപോകുന്നതാക്കരുത്. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് ബയ്അത്ത് ചെയ്തിരിക്കുന്നതിന്റെ ഉദ്ദേശ്യം അല്ലാഹുവിനോടുള്ള കടമകൾ നിറവേറ്റുക എന്നതാണ്. സൃഷ്ടികളോടുള്ള കടമകൾ നിറവേറ്റുക എന്നതാണ്. തബ്‌ലീഗിനോടുള്ള കടമ നിറവേറ്റുക എന്നതാണ്. ഇതിലൂടെ ദീനിനെ ദുൻയാവിനെക്കാൾ മുന്തിക്കുക എന്ന ഉദ്ദേശ്യവും നമുക്ക് പൂർത്തിയാക്കാൻ സാധിക്കും. എപ്പോഴും അല്ലാഹുവിന്റെ തൃപ്തി അന്വേഷിച്ചുകൊണ്ടിരിക്കാനും ഇഹലോകത്തെ വഞ്ചനാപരമായ ജീവിതം നമ്മുടെമേൽ വലയം ചെയ്യാതിരിക്കാനും അല്ലാഹു അനുഗ്രഹിക്കുമാറാകട്ടെ. നമ്മൾ ഇഹലോക നരകത്തിൽനിന്ന് രക്ഷപ്പെടുന്നവരാകട്ടെ. പരലോക നരകത്തിൽനിന്നും രക്ഷപ്പെടുന്നവരാ

കട്ടെ. അല്ലാഹുവിന്റെ കൃപയും അവന്റെ തൃപ്തിയും നമുക്കുവേണ്ടി ഇഹലോകത്തേയും സ്വർഗീയമാക്കുമാറാകട്ടെ. പരലോകത്തും നമ്മൾ സ്വർഗം കരസ്ഥമാക്കുന്നവരാകട്ടെ.

നമസ്കാരത്തിനുശേഷം ഞാൻ രണ്ട് ജനാസ ഗായിബും നമസ്കരിപ്പിക്കുന്നതാണ്. റഹീം യാർഖാൻ ജില്ലയിലെ ഖാൻപൂരിലെ മുഹമ്മദ് അബ്ദുല്ലാ സാഹിബിന്റെ മകൻ ബിശാറത്ത് അഹ്മദ് സാഹിബിന്റേതാണ് ഒരു ജനാസ. അദ്ദേഹത്തെ മെയ് 3ന് ശഹീദാക്കുകയായിരുന്നു. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. ബിശാറത്ത് അഹ്മദ് സാഹിബ് ശഹീദിന്റെ വീട് ഖാൻപൂരിലെ ഗ്രെയ്ൻ ടൗണിലാണ്. അദ്ദേഹം തന്റെ വീട്ടിൽനിന്ന് നാലഞ്ച് കിലോമീറ്റർ ദൂരത്ത് പെട്രോൾ പമ്പ് നടത്തി വരികയായിരുന്നു. മെയ് 3ന് ഇദ്ദേഹം രാത്രിയിൽ 8 മണിക്ക് പതിവുപോലെ തന്റെ പെട്രോൾ പമ്പിൽനിന്ന് മോട്ടോർസൈക്കിളിൽ വീട്ടിലേക്ക് പുറപ്പെട്ടു. ഒരു കിലോമീറ്റർ കഴിഞ്ഞപ്പോൾ അജ്ഞാതരായ ആളുകൾ അദ്ദേഹത്തെ തടഞ്ഞുനിറുത്തി വളരെ അടുത്തുനിന്ന് വെടിവെക്കുകയായിരുന്നു. അതദ്ദേഹത്തിന്റെ വലതുനെറ്റിയിൽ കൊള്ളുകയും രണ്ടാമത്തേത് പുറത്ത് ചാടുകയും ചെയ്തു. സംഭവസ്ഥലത്തുതന്നെ അദ്ദേഹം ശഹീദായി. 10 മിനുട്ടിനുശേഷം അദ്ദേഹത്തിന്റെ മരുമകനും പെട്രോൾ പമ്പിൽനിന്ന് വീട്ടിലേക്ക് പുറപ്പെട്ടു. അങ്ങനെ പോകുമ്പോൾ വഴിയിൽ ആളുകൾ നിൽക്കുന്നത് കണ്ടു. വൻ ആൾക്കൂട്ടമായിരുന്നു. ഇദ്ദേഹവും അവിടെനിന്നു. അപ്പോഴാണ് തന്റെ ഭാര്യാപിതാവ് വീണുകിടക്കുന്നത് കണ്ടത്. അദ്ദേഹം ഉടനെ ആംബുലൻസ് പിടിച്ചു. പക്ഷേ, അദ്ദേഹം വരുന്നതിനു മുമ്പേ ശഹീദ് വഫാത്തായികഴിഞ്ഞിരുന്നു. അദ്ദേഹത്തിന്റെ മരുമകൻ ആദ്യം കരുതിയത് വഴിയിൽ ആക്സിഡന്റ് ഉണ്ടായതെന്നാണ്. പക്ഷേ, പിന്നീട് രാത്രിയിൽ ഒരു അഹ്മദി ഡോക്ടറെ കണ്ടു. അദ്ദേഹമാണ് അദ്ദേഹത്തിന്റെ നെറ്റിയിൽ വെടിയേറ്റിട്ടുണ്ടെന്ന് പറഞ്ഞത്. വീണ്ടും പോലീസിനെ വിളിച്ചു. പോസ്റ്റ്മോർട്ടം ചെയ്തു. പോലീസ് പറഞ്ഞത് ടാർഗറ്റ് കില്ലിംഗ് എന്നാണ്. അഹ്മദിയായ കാരണത്താൽ അദ്ദേഹത്തെ ശഹീദാക്കിയതാണെന്ന്. സംഭവസ്ഥലത്തുനിന്ന് പോലീസ് പിന്നീട് വെടിയുണ്ടയുടെ ഉറയും കണ്ടെടുത്തു. പരേതന്റെ കുടുംബത്തിൽ അഹ്മദിയ്യത്ത് വന്നത് അദ്ദേഹത്തിന്റെ പിതാവ് അബ്ദുല്ലാഹ് സാഹിബ് മുഖേനയാണ്. അദ്ദേഹം ഖലീഫത്തുൽ മസീഹ് ഥാനിയുടെ കൈയിൽ പാകിസ്ഥാൻ രൂപീകരണത്തിനുമുമ്പേ ബയ്അത്ത് ചെയ്തിരുന്നു. 1947ൽ അദ്ദേഹത്തിന്റെ കുടുംബം ഖാദിയാനിൽനിന്ന് ഹിജ്റത്ത് ചെയ്ത് മിയാൻവാലി (പാകിസ്ഥാൻ) ഷിഫ്റ്റായി. 1955ൽ ഭക്കർ എന്ന സ്ഥലത്ത് ശഹീദ് ജനിച്ചു. അവിടെ തന്റെ ഗ്രാമത്തിൽ പ്രാഥമിക പഠനം കരസ്ഥമാക്കി. അതിനുശേഷം ചീനിയോട്ട്, അഹ്മദ്നഗർ റബ്വയിൽ വിദ്യാഭ്യാസം നേടി. അത് കഴിഞ്ഞ് തർബിലാഡിയം എന്ന സ്ഥലത്ത് കുറച്ചുകാലം ജോലി ചെയ്തു. കുറച്ചുകാലം ദുബൈയിലും പോയിരുന്നു. അവിടെനിന്ന് തിരിച്ചുവന്ന് കറാച്ചിയിൽ താമസം തുടങ്ങി. അവിടെ കാറുകൾ തുടങ്ങിയവയുടെ കച്ചവടം തുടങ്ങി. 1985ൽ കറാച്ചിയുടെ അവസ്ഥ മോശമായ കാരണത്താൽ ഖാൻപൂരിലേക്ക് ഷിഫ്റ്റായി. അവിടെ തന്റെ പെട്രോൾപമ്പ് തുടങ്ങി. ശഹീദ് മർഹൂം ദൈവകൃപയാൽ മൂസിയായിരുന്നു. 62 വയസ്സായിരുന്നു. വിവിധ ഔദ്യോഗിക സ്ഥാനങ്ങളിൽ ജമാഅത്തിന് സേവനം ചെയ്യാൻ തൗഫീഖ് കിട്ടി. മൂന്നുവർഷം വരെ ഖാൻപൂർ ജമാഅത്തിന്റെ പ്രസിഡണ്ടായിരുന്നു. ഒരു ദീർഘകാലംവരെ സെക്രട്ടറി ഉമൂറെ ആമ എന്ന നിലയിൽ സേവനം ചെയ്തു. നിരവധി ഉത്കൃഷ്ടഗുണങ്ങളുടെ ഉടമയായിരുന്നു. അങ്ങേയറ്റം ആത്മാർഥനും മന്ദസ്മിതവദനനുമായിരുന്നു. മറ്റുള്ളവരേയും എപ്പോഴും സന്തോഷിപ്പിക്കുമായിരുന്നു. ജമാഅത്തിന്റെ എന്തെങ്കിലും ഉത്തരവാദിത്വം അദ്ദേഹത്തിന് നൽകിയാൽ അത് കഠിനാധ്വാനത്തോടും താൽപര്യത്തോടുംകൂടി ചെയ്യുമായിരുന്നു. അഹ്മദിയ്യാ ജമാഅത്തിന്റെ ഖാൻപൂർ മസ്ജിദിന്റെ നിർമാണപ്രവർത്തിയിലും അതിന്റെ മേൽനോട്ടം വഹിക്കൽ തുടങ്ങിയവയിലും ഒരുപാട് പണി ചെയ്തിട്ടുണ്ട്. മസ്ജിദിനെ പരിശുദ്ധമാക്കി വെക്കുന്നതിലും അതിന്റെ ലോൺ തുടങ്ങിയവയും അതുപോലെതന്നെ ചെടികൾ നടുന്നതിലുമൊക്കെ തന്റെ പോക്കറ്റിൽനിന്ന് ചെലവഴിക്കുമായിരുന്നു. ചന്ദ നൽകുന്നതിൽ കൃത്യനിഷ്ഠയുള്ളയാളായിരുന്നു. അതുപോലെ തന്നെ കുടുംബത്തിന്റെ ചന്ദ നൽകുന്നതിലും കൃത്യത പാലിച്ചിരുന്നു. കൊടുക്കൽ വാങ്ങൽ കാര്യത്തിൽ എപ്പോഴും കൃത്യനിഷ്ഠയുള്ളയാളായിരുന്നു. നമസ്കാരങ്ങളുടെ പാലനത്തിൽ എപ്പോഴും ശ്രദ്ധിച്ചിരുന്നു. ഖിലാഫത്തുമായി വലിയ ബന്ധമായിരുന്നു. ഖിലാഫത്തുമായി ചേർന്നിരിക്കാൻ കുട്ടികളെ ഉപദേശിക്കുമായിരുന്നു. ഇദ്ദേഹത്തിന് ഭാര്യയും രണ്ടാൺമക്കളും ഒരു പെൺകുട്ടിയുമുണ്ട്. അല്ലാഹു ശഹീദിന്റെ പദിവകളുയർത്തുമാറാകട്ടെ. ഇദ്ദേഹത്തിന്റെ തലമുറയേയും എന്നെന്നും ജമാഅത്തുമായി ബന്ധപ്പെടുത്തി നിറുത്തുമാറാകട്ടെ.

രണ്ടാമത്തെ ജനാസ പ്രൊഫസർ ത്വാഹിറ പ്രവീൺ മലിക്കിന്റേതാണ്. മലിക്ക് മുഹമ്മദ് അബ്ദുല്ലാ സാഹിബിന്റെ മകളായിരുന്നു. പഞ്ചാബ് യൂണിവേഴ്സിറ്റിയിൽ ഇവർ പ്രൊഫസറായിരുന്നു. ഏപ്രിൽ 17ന് അവരുടെ യൂണിവേഴ്സിറ്റിയിലെ ഒരു ഉദ്യോഗസ്ഥൻ കഠാര കൊണ്ട് കുത്തി ശഹീദാക്കി. മോഷണോദ്ദേശ്യത്തോടുകൂടിയാണ് അയാൾ വന്നത്. മോഷണശ്രമം ഇവർ അറിഞ്ഞുവെന്ന് അയാൾ കണ്ടപ്പോൾ അവരെ ശഹീദാക്കുകയായിരുന്നു. പക്ഷേ, പാകിസ്ഥാനിൽ അഹ്മദികളെ കൊല്ലാൻ മറ്റുള്ളവർക്ക് ലൈസൻസ് കൊടുത്തിട്ടുള്ളതുപോലെയാണ്. 'അവരെ നിങ്ങൾ കൊന്നുകൊള്ളുക നിങ്ങൾക്കെതിരിൽ ഒരു നടപടിയുമുണ്ടാവുകയില്ല' എന്ന രീതിയാണവിടെ. ഇക്കാരണത്താലാണ് ഈ ഉദ്യോഗസ്ഥനും താൻ പിടിക്കപ്പെട്ടു എന്ന് കണ്ടപ്പോൾ ഇവരെ കൊല്ലാൻ തന്റേടമുണ്ടായത്. ഇവർ വീട്ടിൽ തനിച്ചായിരുന്നു. കഠാരകൊണ്ട് കുത്തി ശഹീദാക്കി. അവരുടെ ഭർത്താവും ഭർത്താവിന്റെ കുടുംബവും ജമാഅത്തിൽനിന്ന് അകന്നുപോയിരുന്നു. ആ സമയം മുതലാണ് ഭർത്താവുമായിട്ട് അകന്നുകഴിയാൻ തുടങ്ങിയത്. വളരെ നല്ല സ്വഭാവമായിരുന്നു. കഴിഞ്ഞവർഷം റിട്ടയർഡായിട്ടും യൂണിവേഴ്സിറ്റി അവരുടെ കഴിവ് കണക്കിലെടുത്ത് റീഎംപ്ലോയിയായി നിയമിച്ചു. അവരുടെ കുടുംബത്തിൽ അഹ്മദിയ്യത്ത് വന്നത് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സ്വഹാബിയും അവരുടെ പിതാമഹനുമായ ഹദ്റത്ത് മലിക്ക് ഹസൻ മുഹമ്മദ് സാഹിബ് മുഖേനയായിരുന്നു. അവരുടെ പിതാവ് മലിക്ക് അബ്ദുല്ലാഹ് സാഹിബും വഖ്ഫെ സിന്ദഗിയായിരുന്നു. സുദീർഘകാലം വിവിധ ഓഫീസുകളിൽ ഒരുപാട് സേവനം ചെയ്യാൻ ഭാഗ്യം കിട്ടി. തഅ്ലിമുൽ ഇസ്‌ലാം കോളേജിൽ ദീനിയാത്ത് പഠിപ്പിക്കാനും അവസരം കിട്ടി. പാകിസ്ഥാൻ രൂപീകരണ സമയത്ത് അവരുടെ പിതാവിന് സുരക്ഷാവകുപ്പിലും സേവനം ചെയ്യാൻ ഭാഗ്യം കിട്ടിയിരുന്നു. 1953ൽ അവരുടെ പിതാവ് ദൈവവഴിയിൽ തടവുകാരനുമായിട്ടുണ്ട്. നല്ല കഴിവുള്ള സ്ത്രീയായിരുന്നു. അവർ പ്രാഥമിക വിദ്യാഭ്യാസം റബ്വയിൽനിന്നാണ് കരസ്ഥമാക്കിയത്. അതിനുശേഷം ലാഹോർ കോളേജ് ഫോർ വിമണിൽനിന്ന് ബി.എസ്.സി ചെയ്തു. പിന്നീട് കാർഷിക സർവ്വകലാശാലയിൽനിന്ന് എം.എസ്.സിയിലും അതുകഴിഞ്ഞ് കാലിഫോർണിയായിൽനിന്ന് ബോട്ടണിയിലും പ്ലാന്റ് സയൻസിലും എംഫിൽ ചെയ്തു. അല്ലാഹു പരേതയോടു മഗ്ഫിറത്തും റഹ്മത്തോടുംകൂടി പെരുമാറട്ടെ. അവരുടെ പദവികളുയർത്തുമാറാകട്ടെ. തന്റെ മകൾ പിതാവിനോടൊപ്പം ജമാഅത്തിൽനിന്ന് വേറിട്ടുപോയതിലുള്ള ദുഃഖമായിരുന്നു എപ്പോഴും. അവൾക്ക് വീണ്ടും ജമാഅത്തിൽ വരാൻ അല്ലാഹു തൗഫീഖ് നല്കുമാറാകട്ടെ. അവരുടെ ദുആകൾ അവൻ കേൾക്കുമാറാകട്ടെ. ഇതിനോടൊപ്പം അവരുടെ ജനാസയും ഞാൻ പറഞ്ഞതുപോലെ നമസ്കാരത്തിനുശേഷം നമസ്കരിപ്പിക്കുന്നതാണ്.

❖❖❖

പേജ് 8ൽ നിന്ന്

യിൽ പെരുമാറാനും കല്പിച്ചിരിക്കുന്നു. വിശുദ്ധഖുർആൻ നിസാഅ് എന്ന അധ്യായത്തിന്റെ 136-ാം വചനത്തിൽ നീതിയുടെ അങ്ങേയറ്റത്തെ നിലവാരത്തെ കൊണ്ടുവരാൻ ആവശ്യപ്പെട്ടിരിക്കുന്നു. വിശുദ്ധഖുർആൻ പറയുന്നു: സത്യത്തിനുവേണ്ടി ഒരു മുസൽമാൻ തന്റെ എല്ലാ വ്യക്തിപരമായ നേട്ടങ്ങളേയും ഉപേക്ഷിക്കുന്നവനാകേണ്ടതാണ്. തങ്ങളുടെ എല്ലാ ആഗ്രഹങ്ങളേയും ബന്ധുക്കളേയും ഒരു ഭാഗത്ത് വെച്ചുകൊണ്ട് അല്ലാഹുവിനുവേണ്ടി സാക്ഷി പറയുക എന്ന് മുസ്‌ലിംകൾക്ക് പാഠം നല്കപ്പെട്ടിരിക്കുന്നു. നീതി സ്ഥാപിക്കുന്നതിനുവേണ്ടി മനുഷ്യന് തന്റെ ആത്മാവിന്നെതിരിൽ തന്റെ മാതാപിതാക്കൾക്കെതിരിൽ അല്ലെങ്കിൽ തന്റെ പ്രിയപ്പെട്ടവർക്കെതിരിൽ സാക്ഷി പറയേണ്ടിവന്നാൽ സന്തോഷത്തോടെ പറയേണ്ടതാണെന്ന് ഈ ആയത്തിൽ വിവരിക്കപ്പെട്ടിരിക്കുന്നു. അമീറുൽമുഅ്മിനീൻ പറഞ്ഞു: മനുഷ്യന്റെ ആദ്യത്തെ കൂറ് എപ്പോഴും സത്യത്തോടായിരിക്കണമെന്ന് ഇസ്‌ലാം പഠിപ്പിക്കുന്നു. അതുകൊണ്ട് അവൻ ഒരിക്കലും സത്യങ്ങൾ മറച്ചുവെക്കരുത്. കള്ളസാക്ഷ്യം പറയുകയും അരുത്. മനുഷ്യൻ ഒരിക്കലും തന്റെ വ്യക്തിപരമായ ആഗ്രഹങ്ങളുടെ പിന്നാലെ നടക്കരുത്. കാരണം അതുമുഖേന പകയും ശത്രുതയും ജന്മംകൊള്ളുന്നു. അവൻ ശരിയായതും അനുവദനീയമായതുമായ കാര്യങ്ങളിൽനിന്ന് അകന്നുപോകുന്നു. ഈ സുവർണമായ നിയമങ്ങൾ ലോകത്തിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും എല്ലാതരത്തിലുള്ള വിദ്വേഷങ്ങളേയും ശാന്തിയിലും സഹിഷ്ണുതയിലും പരസ്പരമുള്ള ആദരവിലും ബഹുമാനത്തിലുമാക്കി മാറ്റാനുമുള്ള മാർഗവുമാകുന്നു.

അമീറുൽ മുഅ്മിനീൻ പറഞ്ഞു: വിശുദ്ധഖുർആനിലെ നഹ്ൽ എന്ന അധ്യായത്തിന്റെ 91- ാം വചനത്തിൽ അല്ലാഹു മുസ്‌ലിംകളോട് കല്പിച്ചിരിക്കുന്നത്, അവർ സത്യം മാത്രം പറഞ്ഞാൽപോര, നീതിയോടുകൂടി പ്രവർത്തിച്ചാൽമാത്രംപോര മറിച്ച് മറ്റുള്ളവരുടെമേൽ നന്മകളും ചെയ്യണമെന്നാണ്. ഇത് വിശുദ്ധഖുർആന്റെ കല്പനകളുടെ ഏതെങ്കിലും രീതിയിലുള്ള അവസാനത്തെ പരിധിയല്ല. കാരണം ഒരു മനുഷ്യൻ ഇതരന്റെമേൽ ഉപകാരം ചെയ്യുമ്പോൾ താൻ ആഗ്രഹിക്കുന്നതുപോലെ അവനിൽ മാറ്റമുണ്ടാകണമെന്നും ഒരാശയുണ്ടാകും. അല്ലെങ്കിൽ താൻ അവനിൽ ഔദാര്യം ചെയ്തുവെന്ന് ഓർമിപ്പിച്ചുകൊണ്ടിരിക്കും. അതുകൊണ്ട് മനുഷ്യൻ തന്റെ ബന്ധുമിത്രാദികൾക്ക് ഉപകാരം ചെയ്യുന്നതുപോലെ ഉപകാരം ചെയ്യേണ്ടതാണെന്ന് വിശുദ്ധഖുർആൻ പറയുന്നു. ഇതിന്റെ ഉദ്ദേശ്യം മറ്റുള്ളവരോടും തന്റെ പ്രിയപ്പെട്ടവരോടും അടുത്ത ബന്ധുക്കളോടും പെരുമാറുന്നതുപോലെ ഒരു മുസൽമാൻ പെരുമാറേണ്ടതാണെന്നാണ്. അതായത് അവൻ മറ്റുള്ളവരോട് സഹതാപം കാണിക്കുകയും അവരെ സ്നേഹിക്കുകയും ചെയ്യുക. മാതാവ് കുട്ടിയോടെന്നപോലെ പ്രതിഫലേച്ഛയൊന്നും കൂടാതെ മറ്റുള്ളവർക്ക് സേവനം ചെയ്യാൻ തയ്യാറായിരിക്കുക.

അമീറുൽ മുഅ്മിനീൻ പറഞ്ഞു: ഇസ്‌ലാം മുസ്‌ലിംകളുടെ ഉള്ളിൽ നിസ്വാർഥതയുടേയും നന്മയുടേയും ആത്മാവ് ഊതുന്നു. മനുഷ്യകുലത്തിന്റെ നന്മയ്ക്കായി തങ്ങളുടെ മനസ്സ് വിശാലമാക്കിവെക്കാൻ അവരോടു കല്പിക്കുന്നു. ഈ സുവർണമായ നിയമമനുസരിച്ച് പ്രവർത്തിക്കുകയാണെങ്കിൽ നമുക്ക് നമ്മുടെ ചുറ്റും നിലനില്ക്കുന്ന വെറുപ്പിന്റെ ഭിത്തികളെ വീഴ്ത്താൻ സാധിക്കുന്നതാണ്. ഇതുമുഖേന മനുഷ്യരിൽ വിഭാഗീയത ഉണ്ടാക്കുന്ന തടസ്സങ്ങളും അവസാനിക്കുന്നതാണ്. സമൂഹത്തിൽ വ്യക്തിപരമായ തലം മുതൽ ആഗോളതലംവരെയുള്ള സമാധാന സംസ്ഥാപനത്തിന്റെ താക്കോലാണ് ഈ നിയമം. (തുടരും) (ബദ്ർ വീക്കിലി, 2017 ജനുവരി 19)

♦..........♦..........♦..........♦

**EDITOR**
**H.Shamsuddin**

Sub Editor : Mohammad Ismaeel
Mobile : 91 9446656123
e-mail : badarkerla@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ — The Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP- 44/2017-2019 Vol-2 Thursday 08 JUNE 2017 Issue-23

**MANAGER**
**NAWAB AHMAD**
Tel : 91 1872224757
Mobile: 91 9417020616
e-mail : managerbadrqnd@gmail.com
website : www.alislam.org/badr
**ANNUAL SUBSCRIPTION** Rs.300/-

# കനഡയിലെ വാണിൽ പീസ് സിംപോസിയം

**അഹ്മദിയ്യാ ജമാഅത്തിനെ എന്തെങ്കിലും പുതുമ ഇഷ്ടപ്പെടുന്ന സംഘമോ പുതിയ ഇസ്‌ലാം പഠിപ്പിക്കുന്ന കക്ഷിയോ ആയി മനസ്സിലാക്കാതിരിക്കുക. ഞങ്ങൾ വിശുദ്ധ ഖുർആനും നബി(സ)തിരുമേനിയും വിവരിച്ച യഥാർഥ ഇസ്‌ലാമികാധ്യാപനമനുസരിച്ച് പ്രവർത്തിക്കുന്നവരാണ്. ഞങ്ങൾ മറ്റുമതക്കാരോടും കക്ഷികളോടും പ്രതീക്ഷയുടേയും സ്നേഹത്തിന്റേയും ബന്ധങ്ങൾ ഉറപ്പിക്കാൻ ആഗ്രഹിക്കുന്നു.**

**ഇത് ഞങ്ങൾ ഇസ്‌ലാമിൽനിന്ന് വ്യതിചലിച്ചതുകൊണ്ടോ അതിന്റെ അധ്യാപനങ്ങളിൽ എന്തെങ്കിലും വർണത്തിലോ രൂപത്തിലോ നവീനത ഉണ്ടാക്കിയതുകൊണ്ടോ അല്ല. മറിച്ച് ഞങ്ങൾ ഇസ്‌ലാമിന്റെ യഥാർഥ അധ്യാപനങ്ങളെ അനുധാവനം ചെയ്യുന്നതുകൊണ്ടാണ്.**

**ഹുദൂർ അൻവർ അയ്യദഹുല്ലായുടെ അനുഗൃഹീതമായ സാന്നിദ്ധ്യവും പ്രൗഢഗംഭീരമായ പ്രഭാഷണവും.**

**2016 ഒക്ടോബർ 22(ശനിയാഴ്ച)**

**അമീറുൽ മുഅ്മിനീന്റെ പ്രഭാഷണം**

അമീറുൽ മുഅ്മിനീൻ ബിസ്മില്ലാഹിർറഹ്മാനിർറഹീം ചൊല്ലിക്കൊണ്ടാണ് പ്രഭാഷണത്തിന് തുടക്കം കുറിച്ചത്. അതിനുശേഷം എല്ലാ അതിഥികൾക്കും അസ്സലാമുഅലയ്ക്കും വറഹ്മത്തുല്ലാഹി ബറക്കാത്തഹു എന്നു പറഞ്ഞു. നിങ്ങൾ എല്ലാവരിലും അല്ലാഹുവിന്റെ കാരുണ്യങ്ങളും അനുഗ്രഹങ്ങളും ഇറങ്ങുമാറാകട്ടെ. നിങ്ങൾ വളരെ സ്നേഹത്തോടുകൂടി ഞങ്ങളുടെ ക്ഷണം സ്വീകരിച്ചതിന് ഈ അവസരത്തിൽ ഞാൻ നിങ്ങൾക്കെല്ലാവർക്കും ആദ്യം നന്ദി രേഖപ്പെടുത്താൻ ആഗ്രഹിക്കുകയാണ്.

തുടർന്ന് അമീറുൽ മുഅ്മിനീൻ പറഞ്ഞു: അഹ്മദിയ്യാ ജമാഅത്ത് ഇസ്‌ലാമിലെ ഒരു കക്ഷിയാണ്. അത് ഇസ്‌ലാംമത സ്ഥാപകരായ ഹദ്റത്ത് മുഹമ്മദ്(സ) 1400 വർഷം മുമ്പേ ചെയ്ത ഒരു പ്രവചനമനുസരിച്ച് നിലവിൽ വന്നതാണ്. ഇതിന്റെ അടിസ്ഥാനത്തിൽ അഹ്മദിയ്യത്ത് മറ്റു കക്ഷികളിൽനിന്ന് വേറിട്ടുനിൽക്കുന്നു. കാരണം നബി(സ)തിരുമേനി മുസ്‌ലിംകൾ കക്ഷികളുടെ വേട്ടയായിത്തീരുമെന്ന് പ്രവചനം ചെയ്തിരുന്നുവെന്നതിൽ സംശയമില്ല. എന്നാൽ, അവിടന്ന് ഏതെങ്കിലും പ്രത്യേകമായ കക്ഷിയെക്കുറിച്ച് പറഞ്ഞില്ല. നബി(സ) തിരുമേനി ഈ പ്രവചനത്തിൽ, മുസ്‌ലിംകളിലെ ഭൂരിഭാഗവും ഇസ്‌ലാമിന്റെ യഥാർഥ അധ്യാപനത്തെ മറക്കുകയും അവരുടെ കർമങ്ങൾ ദീനിൽനിന്ന് അകന്നുപോകുകയും ചെയ്യുന്ന ഒരു കാലത്തെക്കുറിച്ച് അറിയിക്കുകയായിരുന്നു. അതിനോടൊപ്പം നബി(സ) തിരുമേനി, ആ ആത്മീയാന്ധകാര കാലത്ത് അല്ലാഹു ഒരു വ്യക്തിയെ മസീഹ് മൗഊദും ഇമാം മഹ്ദിയും (അല്ലാഹുവിൽനിന്ന് സന്മാർഗ്ഗം പ്രാപിച്ചയാൾ) ആയിട്ട് അയക്കുന്നതാണെന്ന ഒരു സുവാർത്തയും നൽകുകയുണ്ടായി. അദ്ദേഹം മുഴുലോകത്തേയും ഇസ്‌ലാമിന്റെ ശരിയായതും സമാധാനനിർഭരവുമായ അധ്യാപനത്താൽ പ്രശോഭിതമാക്കുന്നതായിരിക്കും. അമീറുൽ മുഅ്മിനീൻ പറഞ്ഞു: അഹ്മദീ മുസ്‌ലിംകളായ ഞങ്ങൾ ഞങ്ങളുടെ കക്ഷിയുടെ സ്ഥാപകനെ അല്ലാഹു ആ മസീഹ് മൗഊദും ഇമാം മഹ്ദിയുമായി അതായത് ഇസ്‌ലാംമത സ്ഥാപകർ(സ)യുടെ പ്രവചനങ്ങളനുസരിച്ച് അയച്ച ആളാണെന്ന് ദൃഢമായും വിശ്വസിക്കുന്നവരാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ) തന്റെ ജീവിതത്തിൽ ഇസ്‌ലാമിന്റെ യഥാർഥമായ അധ്യാപനങ്ങളിൽ അനശ്വരമായ വെളിച്ചം വീശുകയും യഥാർഥ ഇസ്‌ലാം എന്താണെന്ന് ലോകരോട് പറയുകയും ചെയ്തു.

അമീറുൽ മുഅ്മിനീൻ പറഞ്ഞു: ഏറ്റവും ആദ്യം ഞാൻ വ്യക്തമാക്കാൻ ആഗ്രഹിക്കുന്നത് അഹ്മദിയ്യാ ജമാഅത്ത് ഏതെങ്കിലും നവീനത ഇഷ്ടപ്പെടുന്നതോ പുതിയ ഇസ്‌ലാം പഠിപ്പിക്കുന്നതോ ആയ കക്ഷിയാണെന്ന് മനസ്സിലാക്കരുതെന്നാണ്. മറിച്ച് ഞങ്ങൾ വിശുദ്ധഖുർആനും നബി(സ) തിരുമേനിയും വിവരിച്ചിട്ടുള്ള യഥാർഥമായ ഇസ്‌ലാമികാധ്യാപനങ്ങളനുസരിച്ച് പ്രവർത്തിക്കുന്നവരാണ്. ആ മഹത്തായ അധ്യാപനങ്ങളെ രണ്ട് വാക്യങ്ങളിൽ ചുരുക്കിപ്പറയാവുന്നതാണ്. നിങ്ങളുടെ യഥാർഥ സ്രഷ്ടാവിനെ സ്നേഹിക്കുക. അവനോടുള്ള കടമ നിറവേറ്റുക. രണ്ടാമത്തേത് അവന്റെ സൃഷ്ടികളെ സ്നേഹിക്കുക, അവരോടുള്ള കടമ നിറവേറ്റുക.

അമീറുൽ മുഅ്മിനീൻ പറഞ്ഞു: അതുകൊണ്ട് മുസ്‌ലിംകൾ അല്ലാഹുവിന്റെ സൃഷ്ടികളോടും പ്രത്യേകിച്ച് എല്ലാ മനുഷ്യരോടും -അവരെ അവൻ സൃഷ്ടികളിൽ ഉത്തമരാക്കിയിട്ടുള്ളതാണ്- സ്നേഹത്തോടും അനുരക്തിയോടും സഹതാപത്തോടുംകൂടി പെരുമാറാൻ അധ്യാപനം നൽകിയിരിക്കുന്നു. ഞങ്ങൾ അഹ്മദികൾ സമാധാനപ്രിയരായ മുസ്‌ലിംകളാണെന്നതാണ് വസ്തുത. മറ്റു മതങ്ങളോടും കക്ഷികളോടുംപ്രതീക്ഷയോടും സന്തോഷത്തോടുമുള്ള ബന്ധങ്ങൾ ഉറപ്പിക്കാനാഗ്രഹിക്കുന്നവരാണ് ഞങ്ങൾ. പക്ഷേ, ഇത് ഇസ്‌ലാമിൽനിന്ന് ഞങ്ങൾ വ്യതിചലിച്ചു നിൽക്കുന്നതുകൊണ്ടോ അതിന്റെ അധ്യാപനങ്ങളിൽ ഏതെങ്കിലും തരത്തിലുള്ള വർണത്തിൽ അല്ലെങ്കിൽ ആകൃതിയിൽ പുതുമയുണ്ടാക്കിയതോ കൊണ്ടോ അല്ല. മറിച്ച്, ഞങ്ങൾ ഇസ്‌ലാമിന്റെ യഥാർഥ അധ്യാപനങ്ങളെ പിന്തുടരുന്നതുകൊണ്ടാണ്. ഞാൻ ഇപ്പോൾ പറഞ്ഞതുപോലെ അല്ലാഹുവിനോടുള്ള കടമകളും അവന്റെ സൃഷ്ടികളോടുള്ള കടമകളും നിറവേറ്റുക എന്നതാണ് ഇസ്‌ലാമിന്റെ അടിസ്ഥാനപരമായ അധ്യാപനങ്ങളുടെ അച്ചുതണ്ട്.

അമീറുൽ മുഅ്മിനീൻ പറഞ്ഞു: വിശുദ്ധഖുർആൻ മുസ്‌ലിംകളോട് ഈ രണ്ട് അടിസ്ഥാനപരമായ നിയമങ്ങൾ നിറവേറ്റുന്നതിനെ സംബന്ധിച്ച് നൽകിയിട്ടുള്ള പാഠം ഇനി ഞാൻ പറയാനാഗ്രഹിക്കുന്നത്. വിശുദ്ധഖുർആന്റെ ഏറ്റവും ആദ്യത്തെ സൂറത്തിന്റെ ഒന്നാമത്തെ വചനത്തിൽ വിവരിക്കപ്പെട്ടിരിക്കുന്നത് പരമകാരുണികനും കരുണാമയനുമായ അല്ലാഹുവിന്റെ നാമത്തോടെ എന്നാണ്. ഇതിനുശേഷം രണ്ടാമത്തെ വചനം അല്ലാഹു മുഴുലോകത്തിന്റേയും ഉടമസ്ഥനാണെന്നും പിന്നീട് മൂന്നാമത്തെ ആയത്തിൽ വീണ്ടും പറയുന്നത് അല്ലാഹു പരമകാരുണികനും കരുണാമയനുമാണെന്നുമാണ്. അതിനാൽ വിശുദ്ധഖുർആന്റെ ആരംഭവചനങ്ങളിൽനിന്നുതന്നെ പകൽവെളിച്ചംപോലെ വ്യക്തമാകുന്നത് മുസ്‌ലിംകൾ മാത്രമല്ല അല്ലാഹുവിന്റെ (അവൻ പരമകാരുണികനും കരുണാമയനുമാണ്) അനുഗ്രഹം പ്രാപിക്കുന്നതെന്നാണ്. മറിച്ച് അവൻ റബ്ബുൽആലമീനാണ്. സർവലോക പരിപാലകൻ! അവൻ മുസ്‌ലിംകളുടെ മാത്രം പരിപാലകനല്ല. മറിച്ച്, ക്രിസ്ത്യാനികളുടേയും യഹൂദികളുടേയും ഹിന്ദുക്കളുടേയും സിക്കുകാരുടേയും എല്ലാ വിശ്വാസങ്ങളേയും അംഗീകരിക്കുന്നവരുടേയും പരിപാലകനാകുന്നു. അവന്റെ അസ്തിത്വത്തെ നിഷേധിക്കുന്നവരേയും പരിപാലിക്കുന്നവനാണവൻ. അതുകൊണ്ട് പ്രകൃതി നിയമമനുസരിച്ച് അല്ലാഹു എല്ലാ മനുഷ്യകുലത്തിന്റേയും അനശ്വരതയ്ക്കായി മാർഗ്ഗങ്ങൾ ഒരുക്കിതന്നിരിക്കുന്നു. ഇത് എല്ലാ മുസ്‌ലിംകൾക്കുമുള്ള ഒരു പൊതുവായ പാഠമാണ്. അതായത് അല്ലാഹു തങ്ങളുടേത് മാത്രമാണെന്ന് അവർക്ക് വാദിക്കാൻ സാധിക്കുകയില്ല. പ്രത്യുത അവൻ എല്ലാ മനുഷ്യർക്കുമുള്ളതാണ്. എന്നല്ല, എല്ലാതരത്തിലുള്ള സൃഷ്ടികൾക്കുമുള്ളതാണ്.

അമീറുൽ മുഅ്മിനീൻ പറഞ്ഞു: ഇതിനു പുറമെ വിശുദ്ധഖുർആനിൽ അമ്പിയാ എന്ന അധ്യായത്തിൽ 108-ാമത്തെ വചനത്തിൽ അല്ലാഹു ഇസ്‌ലാംമത സ്ഥാപകരായ ഹദ്റത്ത് മുഹമ്മദ് മുസ്തഫാ(സ)യെ ഈ ലോകത്ത് വെറും മുസ്‌ലിംകളെ ഇഷ്ടപ്പെടാനും സ്നേഹിക്കാനും അവരോടു സഹതാപം കാണിക്കാനുമുള്ള മാർഗമാക്കി അയച്ചിട്ടില്ലെന്നും പറയുന്നു. എല്ലാ മതങ്ങളേയും വിശ്വാസങ്ങളേയും അംഗീകരിക്കുന്നവർക്ക് കാരുണ്യമായിക്കൊണ്ടാണ് നബി(സ)തിരുമേനിയെ അയച്ചത്. പറഞ്ഞതിന്റെ ചുരുക്കമിതാണ്, വിശുദ്ധഖുർആനിന്റെ പ്രാരംഭവചനങ്ങൾ സ്ഥാപിക്കുന്നത് ഒരു വ്യക്തിയ്ക്കും ഒരു ജനതയ്ക്കും അല്ലാഹുവിന്റെമേൽ ഔദാര്യത്തിന്റെ ഒരു വാദവും ഉന്നയിക്കാൻ സാധിക്കുകയില്ലെന്നാണ്. കാരണം അവൻ എല്ലാ മനുഷ്യരുടേയും ദൈവമാണ്. അവൻ പരമകാരുണികനും കരുണാമയനുമാണ്. അവൻ നബി(സ)തിരുമേനിയെ മുഴുവൻ മനുഷ്യകുലത്തിനുംവേണ്ടി സമാധാനത്തിന്റേയും സ്നേഹത്തിന്റേയും അനുരക്തിയുടേയും ഉറവിടമാക്കി അയച്ചു; അവർ ഏത് തരത്തിലുള്ളവരാണെങ്കിലും വിശ്വാസക്കാരാണെങ്കിലും ഏത് വർണവുമായി ബന്ധപ്പെട്ടവരാണെങ്കിലും ശരി! ഇത് ഇസ്‌ലാമിന്റെ അടിസ്ഥാപരമായ വിശ്വാസമാകുമ്പോൾ യഥാർഥ മുസ്‌ലിംകൾക്ക് അല്ലാഹുവിന്റെ സൃഷ്ടികളോട് ഏതെങ്കിലും തരത്തിലുള്ള ബലാൽക്കാരമോ അനീതിയോ അക്രമമോ ചെയ്യാൻ കഴിയുന്നതെങ്ങനെ? തീർച്ചയായും ഒരു സത്യവാനായ മുസ്‌ലിം മറ്റുള്ളവർക്ക് നഷ്ടമുണ്ടാക്കുമെന്നോ അവരെ സംബന്ധിച്ച് ദുരുദ്ദേശ്യം വെച്ചുപുലർത്തുമെന്നോ ഊഹിക്കാൻപോലും പറ്റുകയില്ല.

അമീറുൽ മുഅ്മിനീൻ പറഞ്ഞു: ഇതാണ് ആ ഉത്തമമായ അധ്യാപനങ്ങൾ. ഇതിന്റെ അടിസ്ഥാനത്തിൽ അഹ്മദിയ്യാ ജമാഅത്ത് 'എല്ലാവരോടും സ്നേഹം ആരോടുമില്ല വെറുപ്പ്'എന്ന അതിന്റെ സന്ദേശം ലോകം മുഴുവനും പ്രചരിപ്പിച്ചുവരുന്നു. ഇതാണ് ഉത്തമമായ പാഠങ്ങൾ. ഇക്കാരണത്താൽ അഹ്മദി മുസ്‌ലിംകൾ ആരോടും ശത്രുതയോ വിദ്വേഷമോ വെച്ചുപുലർത്തുന്നവരല്ല. തീർച്ചയായും ഇസ്‌ലാംമത സ്ഥാപകർ ഹദ്റത്ത് മുഹമ്മദ് മുസ്തഫാ(സ) സമാധാന സംസ്ഥാപനത്തിന്റെ അടിസ്ഥാനപരമായ നിയമം ഒരു വാക്യത്തിൽ വിവരിച്ചുതന്നിരിക്കുന്നു. അവിടത്തെ വാക്കുകൾ എത്രമാത്രം ലളിതമാണ്. എത്രമാത്രം ഗംഭീരവുമാണ്. അവിടന്ന് പറഞ്ഞു: "നമ്മൾ നമുക്കുവേണ്ടി എന്താണോ ഇഷ്ടപ്പെടുന്നത് അത് മറ്റുള്ളവർക്ക് വേണ്ടിയും ഇഷ്ടപ്പെടുക."

അമീറുൽ മുഅ്മിനീൻ പറഞ്ഞു: പ്രശ്നമിതാണ്. നമ്മൾ നമ്മുടെ ജീവിതത്തിൽനിന്ന് എന്താണ് ആഗ്രഹിക്കുന്നത്? നമ്മൾ ബലാൽക്കാരവും അക്രമവുമാണോ ആഗ്രഹിക്കുന്നത്? നമ്മൾ അനീതിയാണോ ആഗ്രഹിക്കുന്നത്? നമ്മളോട് കഠിനഹൃദയത്തോടെ പെരുമാറണമെന്നാണോ ആഗ്രഹിക്കുന്നത്? നമ്മൾ ദാരിദ്ര്യത്തിന് ഇരയാകണമെന്നാണോ ആഗ്രഹിക്കുന്നത്? അങ്ങനെ ഇരവും പകലും പട്ടിണിയോടുകൂടി കിടക്കണമെന്നാണോ ആഗ്രഹിക്കുന്നത്? നമ്മുടെ കുട്ടികൾ വേദനാജനകമായ രോഗങ്ങളിൽ അകപ്പെടണമെന്നാണോ ആഗ്രഹിക്കുന്നത്? അവർക്ക് വിദ്യാഭ്യാസത്തിനുള്ള സൗകര്യമുണ്ടാകരുതെന്നാണോ ആഗ്രഹിക്കുന്നത്?അവർ എപ്പോഴും ഭയത്തിലായിരിക്കണമെന്നാണോ ആഗ്രഹിക്കുന്നത്? തീർച്ചയായും ഒരു സാധാരണമനുഷ്യൻപോലും അവയിൽ ഏതെങ്കിലുമൊന്നുപോലും ആഗ്രഹിക്കുകയില്ല. അതുകൊണ്ട് മുസൽമാൻ എന്ന നിലയിൽ നമ്മൾ ചെയ്യേണ്ടത് നമ്മൾ നമുക്കുവേണ്ടി മാത്രമല്ല മറിച്ച് മറ്റുള്ളവർക്കുവേണ്ടിയും ഐശ്വര്യം ആഗ്രഹിക്കുക എന്നാണ്. നമ്മൾ മനുഷ്യത്വത്തിനുവേണ്ടി നമ്മുടെ മനസ്സ് തുറക്കേണ്ടതാണ്. മറ്റുള്ളവരുടെ ദുഃഖവും വേദനയും നമ്മുടെ സ്വന്തം ദുഃഖവും വേദനയുമായി മനസ്സിലാക്കേണ്ടതാണ്. മറ്റുള്ളവരോടുള്ള കടമ നിറവേറ്റുക എന്നത് ഒരു മുസൽമാന്റെ നിർബന്ധകടമയാണ്. അവർക്കുവേണ്ടി സദുദ്ദേശ്യങ്ങൾ വെച്ചുപുലർത്തുക. അവരെ ശ്രദ്ധിക്കുക. ആവശ്യം വരുമ്പോൾ അവരെ സഹായിക്കുക; അവരുടെ മതമെന്താണെന്നോ അവർ ആരുമായി ബന്ധംവെക്കുന്നുവെന്ന് നോക്കാതെ!

അമീറുൽ മുഅ്മിനീൻ പറഞ്ഞു: തീർച്ചയായും ചില സമയങ്ങളിൽ അത്തരം പരിതഃസ്ഥിതികൾ വരാറുണ്ട്. അത് ജനങ്ങൾക്കിടയിൽ കലഹത്തിനും വഴക്കിനും കാരണമാകുന്നു. മനുഷ്യപ്രകൃതി എന്നു പറയുന്നതുതന്നെ എല്ലാവരുടേയും എല്ലാ കാര്യങ്ങളിലും യോജിക്കുക എന്നത് അസംഭാവ്യമാണെന്നതാണ്. അതുകൊണ്ട് ഇടയ്ക്കിടെ ഭിന്നിപ്പുകൾ പ്രകടമായിക്കൊണ്ടിരിക്കുന്നു. പക്ഷേ, ആ അഭിപ്രായഭിന്നതകളെ പരിഹരിക്കുന്നതിന്റെ താക്കോൽ എന്നു പറയുന്നത് മറ്റുള്ളവരുടെമേൽ തങ്ങളുടെ നേട്ടങ്ങൾക്ക് മുൻഗണന നൽകുന്നതിനു പകരം നീതിന്യായത്തോടുകൂടി പ്രവർത്തിക്കുക എന്നതാണ്. ഏതെങ്കിലും അഭിപ്രായഭിന്നത അവസാനിപ്പിക്കുന്നതിന് നീതിയൊരു അടിസ്ഥാനപരമായ ഘടകമാണ്. സൽസ്വഭാവത്തോടുകൂടിയ ഒരു വ്യക്തിയും നീതിമാനുമല്ലെങ്കിൽ ഏതൊരു പരാതികളും ബുദ്ധിമുട്ടുകളുമാണോ ഉള്ളത് അത് വർദ്ധിക്കുന്നതായിരിക്കും. സമാധാനത്തിനു പകരം വിദ്വേഷത്തിലും നിന്ദ്യതയിലും വർദ്ധനവുണ്ടാകുന്നതായിരിക്കും.

അമീറുൽ മുഅ്മിനീൻ പറഞ്ഞു: അതുകൊണ്ട് വിശുദ്ധഖുർആനിൽ ധാരാളം സ്ഥലങ്ങളിൽ അല്ലാഹു മുസ്‌ലിംകളോട് നീതിയിൽ നിലകൊള്ളാനും മറ്റുള്ളവരോട് ഉത്തമമായ നില

**ശേഷം പേജ് 7ൽ**

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press.
Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin